ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1867-ലെ പ്രസ്സും പുസ്തകങ്ങളുടെ രജിസ്ട്രേഷനും ചെയ്യലും ആക്റ്റ്

**(1867-ലെ 25-ാം ആക്റ്റ്)**

(1988 ജൂൺ 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

**The Press and Registration of Books Act, 1867**

**(Act No. 25 of 1867)**

(As on 1st June, 1988)

വില : രൂപ 14

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം മണ്ണന്തല ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

1993

# ആമുഖം

1988 ജൂൺ 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള 1867-ലെ പ്രസ്സും പുസ്തകങ്ങളുടെ രജിസ്റ്റർ ചെയ്യലും ആക്ടിന്റെ (1867-ലെ 25-ാം ആക്ട്) മലയാളത്തിലെ ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1989 ജൂൺ 12-ാം തീയതിയിലെ അസാധാരണ കേന്ദ്ര ഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ് 1-ാം വാല്യം 1-ാം നമ്പരായി 25 മുതൽ 40 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരിക പാഠം (കേന്ദ്ര നിയമങ്ങൾ) ആക്ട് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്ടിന്റെ മലയാളത്തിലെ ആധികാരിക പാഠം ആയിത്തീരുകയും ചെയ്തു.

വി. എസ്. രമാദേവി,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

ന്യൂഡൽഹി,
12-6-1989.

# PREFACE

This edition of the Press and Registration of Books Act, 1867 (Act No. 25 of 1867) as on 1st June 1988 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI section I Vol. I No. I dated 12th June 1989 on pages 25 to 40.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973, and on such publication it became the authoritative text of that Act in Malayalam.

New Delhi,
12-6-1989.

V. S. Remadevi,
*Secretary to the Government of India.*

GPM. 3/78/92.

# 1867-ലെ പ്രസ്സും പുസ്തകങ്ങളുടെ രജിസ്ററർ ചെയ്യലും ആക്ട്

## വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ് |
|---|---|---|
| | **ഭാഗം I** | |
| | **പ്രാരംഭികം** | |
| 1. | വ്യാഖ്യാന ഖണ്ഡം | 1 |
| 2. | റദ്ദാക്കൽ | 2 |
| | **ഭാഗം II** | |
| | **അച്ചടിയന്ത്രങ്ങളേയും വർത്തമാന പത്രങ്ങളേയും കുറിച്ച്** | |
| 3. | പുസ്തകങ്ങളിലും പത്രങ്ങളിലും അച്ചടിച്ചിരിക്കേണ്ട വിവരങ്ങൾ | 2 |
| 4. | അച്ചടിയന്ത്രം സൂക്ഷിക്കുന്ന ആൾ പ്രഖ്യാപനം ചെയ്യണമെന്ന് | 2 |
| 5. | വർത്തമാന പത്രങ്ങളുടെ പ്രസിദ്ധീകരണം സംബന്ധിച്ച ചട്ടങ്ങൾ | 2 |
| 5.ക. | ജമ്മു-കാശ്മീരിലുള്ള അച്ചടിയന്ത്രങ്ങൾ സൂക്ഷിക്കുന്നവരും വർത്തമാന പത്രങ്ങൾ അച്ചടിക്കുന്ന ആളുകളും പ്രസാധകരും വിനിർദ്ദിഷ്ടമായ കാലത്തിനുള്ളിൽ പുതിയ പ്രഖ്യാപനങ്ങൾ ചെയ്യുകയും ഒപ്പുവയ്ക്കുകയും ചെയ്യേണ്ടതാണെന്ന് | 5 |
| 6. | പ്രഖ്യാപനത്തിന്റെ പ്രമാണീകരണം | 5 |
| 7. | പ്രഖ്യാപനത്തിന്റെ ആഫീസ് പകർപ്പ് പ്രഥമദൃഷ്ട്യാ ഉള്ള തെളിവ് ആയിരിക്കുമെന്ന് | 6 |
| 8. | പ്രഖ്യാപനം ഒപ്പുവയ്ക്കുകയും അച്ചടിക്കുന്നവരോ പ്രസാധകരോ അല്ലാതായിത്തീരുകയും ചെയ്ത ആളുകൾ ചെയ്യേണ്ട പുതിയ പ്രഖ്യാപനം | 6 |
| 8.ക. | പത്രാധിപരായി ആരുടെ പേരാണോ വാസ്തവ വിരുദ്ധമായി പ്രസിദ്ധപ്പെടുത്തിയത്, അയാൾക്ക് മജിസ്ട്രേട്ടിന്റെ മുമ്പാകെ ഒരു പ്രഖ്യാപനം ചെയ്യാമെന്ന് | 7 |
| 8ഖ. | പ്രഖ്യാപനം റദ്ദാക്കൽ | 7 |
| 8ഗ. | അപ്പീൽ | 7 |
| | **ഭാഗം III** | |
| | **പുസ്തകങ്ങൾ എത്തിച്ചുകൊടുക്കൽ** | |
| 9. | ആക്ടിന്റെ പ്രാരംഭത്തിനുശേഷം അച്ചടിക്കുന്ന പുസ്തകങ്ങളുടെ പ്രതികൾ ഗവൺമെന്റിന് സൗജന്യമായി എത്തിച്ചുകൊടുക്കേണ്ടതാണെന്ന് | 8 |
| 10. | 9-ാം വകുപ്പുപ്രകാരം എത്തിച്ചുകൊടുത്ത പ്രതികൾക്കുള്ള രസീത് | 9 |
| 11. | 9-ാം വകുപ്പുപ്രകാരം എത്തിച്ചുകൊടുത്ത പ്രതികളുടെ കൈയൊഴിയൽ | 9 |
| 11ക. | ഭാരതത്തിൽ അച്ചടിക്കുന്ന വർത്തമാനപ്പത്രങ്ങളുടെ പ്രതികൾ, സർക്കാരിന് സൗജന്യമായി എത്തിച്ചുകൊടുക്കേണ്ടതാണെന്ന് | 9 |
| 11ഖ. | വർത്തമാനപ്പത്രങ്ങളുടെ പ്രതികൾ പ്രസ് രജിസ്ട്രാർക്ക് എത്തിച്ചുകൊടുക്കേണ്ടതാണെന്ന് | 9 |
| | **ഭാഗം IV** | |
| | **ശിക്ഷകൾ** | |
| 12. | 3-ാം വകുപ്പിലെ ചട്ടത്തിനു വിരുദ്ധമായി അച്ചടിക്കുന്നതിനുള്ള ശിക്ഷ | 9 |
| 13. | 4-ാം വകുപ്പിൽ ആവശ്യപ്പെടുന്ന പ്രഖ്യാപനം ചെയ്യാതെ പ്രസ് സൂക്ഷിക്കുന്നതിനുള്ള ശിക്ഷ | 10 |
| 14. | വ്യാജ പ്രസ്താവന ചെയ്യുന്നതിനുള്ള ശിക്ഷ | 10 |
| 15. | ചട്ടങ്ങൾക്ക് അനുസൃതമായല്ലാതെ വർത്തമാനപത്രം അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള ശിക്ഷ | 10 |
| 15ക. | 8-ാം വകുപ്പുപ്രകാരം ചെയ്യേണ്ട പ്രഖ്യാപനം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ | 10 |
| 16. | പുസ്തകങ്ങൾ എത്തിച്ചു കൊടുക്കാതിരിക്കുന്നതിനും അച്ചടിക്കുന്ന ആളിന് ഭൂപടങ്ങൾ നൽകാതിരിക്കുന്നതിനുമുള്ള ശിക്ഷ | 10 |

| വകുപ്പുകൾ | | പേജ് |
|---|---|---|
| 16ക. | വർത്തമാനപ്പത്രങ്ങളുടെ പ്രതികൾ സർക്കാരിന് സൗജന്യമായി നൽകുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ | 11 |
| 16ഖ. | വർത്തമാനപ്പത്രങ്ങളുടെ പ്രതികൾ പ്രസ് രജിസ്ട്രാർക്ക് നൽകുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ | 11 |
| 17. | കണ്ടുകെട്ടിയ തുകകളുടെ വസൂലാക്കലും അവയുടേയും പിഴകളുടേയും വ്യയനം ചെയ്യലും | 11 |


## ഭാഗം V

## പുസ്തകങ്ങൾ രജിസ്ററർ ചെയ്യൽ


| | | |
|---|---|---|
| 18. | പുസ്തകങ്ങളുടെ വിവരക്കുറിപ്പുകൾ രജിസ്ററർ ചെയ്യൽ | 11 |
| 19. | രജിസ്ററർ ചെയ്യപ്പെട്ട വിവരക്കുറിപ്പുകളുടെ പ്രസിദ്ധീകരണം | 12 |


## ഭാഗം Vക

## വർത്തമാനപ്പത്രങ്ങളുടെ രജിസ്ററർ ചെയ്യൽ


| | | |
|---|---|---|
| 19ക. | പ്രസ് രജിസ്ട്രാരുടെയും മററ് ഉദ്യോഗസ്ഥൻമാരുടെയും നിയമനം | 12 |
| 19ഖ. | വർത്തമാനപ്പത്രങ്ങളുടെ രജിസ്ററർ | 12 |
| 19ഗ. | രജിസ്ട്രേഷൻ സർട്ടിഫിക്കററുകൾ | 13 |
| 19ഘ. | വർത്തമാനപ്പത്രങ്ങൾ നൽകേണ്ട വാർഷിക സ്റേറററുമെൻറ് മുതലായവ | 13 |
| 19ങ. | വർത്തമാനപ്പത്രങ്ങൾ നൽകേണ്ട റിട്ടേണുകളും റിപ്പോർട്ടുകളും | 13 |
| 19ച. | റിക്കാർഡുകളും പ്രമാണങ്ങളും പരിശോധിക്കാനുള്ള അവകാശം | 13 |
| 19ഛ. | വാർഷിക റിപ്പോർട്ട് | 14 |
| 19ജ. | രജിസ്റററിൽ നിന്നുള്ള ഉദ്ധരണത്തിൻെറ പകർപ്പുകൾ നൽകൽ | 14 |
| 19ഝ. | അധികാരങ്ങളുടെ പ്രത്യായോജനം | 14 |
| 19ഞ. | പ്രസ് രജിസ്ട്രാറും മററ് ഉദ്യോഗസ്ഥൻമാരും പബ്ലിക് സർവൻറുകൾ ആയിരിക്കുമെന്ന് | 14 |
| 19ട. | 19ഘ, 19ങ മുതലായ വകുപ്പുകളുടെ ഉല്ലംഘനത്തിനുള്ള ശിക്ഷ | 14 |
| 19ഠ. | വിവരങ്ങൾ അനുചിതമായി വെളിപ്പെടുത്തുന്നതിനുള്ള ശിക്ഷ | 14 |


## ഭാഗം VI

## പലവക


| | | |
|---|---|---|
| 20. | ചട്ടങ്ങൾ ഉണ്ടാക്കാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം | 14 |
| 20ക. | ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്രസർക്കാരിനുള്ള അധികാരം | 15 |
| 20ഖ. | ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്ക്, അവയുടെ ഉല്ലംഘനം ശിക്ഷാർഹമാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണെന്ന് | 16 |
| 21. | ഏതെങ്കിലും തരത്തിലുള്ള പുസ്തകങ്ങളെ ഈ ആക്ടിൻെറ പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കാനുള്ള അധികാരം | 16 |
| 22. | വ്യാപ്തി | 16 |
| 23. | റദ്ദാക്കി | 16 |

# 1867—ലെ പ്രസ്സും പുസ്തകങ്ങളുടെ രജിസ്ററർ ചെയ്യലും ആക്ററ്

(1867—ലെ 25—ാം ആക്ററ്)

(1988 ജൂൺ 1—ാം തീയതി വരെ ഭേദഗതി ചെയ്തപ്രകാരം

[1867 മാർച്ച് 22]

അച്ചടിയന്ത്രങ്ങളുടെയും വർത്തമാനപ്പത്രങ്ങളുടെയും ക്രമീകരണത്തിനും, ഭാരതത്തിൽ അച്ചടിക്കുന്ന പുസ്തകങ്ങളുടെയും വർത്തമാനപ്പത്രങ്ങളുടെയും പ്രതികളുടെ ഭദ്രമായ സൂക്ഷിക്കലിനും അങ്ങനെയുള്ള പുസ്തകങ്ങളുടെയും വർത്തമാനപ്പത്രങ്ങളുടെയും രജിസ്ററർ ചെയ്യലിനും വേണ്ടിയുള്ള ആക്ററ്.

അച്ചടിയന്ത്രങ്ങളുടെയും വർത്തമാനപ്പത്രങ്ങളുടെയും ക്രമീകരണത്തിനും, ഭാരതത്തിൽ അച്ചടിക്കുന്ന ഏതൊരു പുസ്തകത്തിൻെറയും വർത്തമാനപ്പത്രത്തിൻെറയും പ്രതികളുടെ ഭദ്രമായ സൂക്ഷിക്കലിനും അങ്ങനെയുള്ള പുസ്തകങ്ങളുടെയും വർത്തമാനപ്പത്രങ്ങളുടെയും രജിസ്ററർ ചെയ്യലിനും വ്യവസ്ഥ ചെയ്യേണ്ടത് സമീചീനമായിരിക്കുകയാൽ, താഴെപറയും പ്രകാരം ഇതിനാൽ അധിനിയമം ചെയ്തിരിക്കുന്നു:— ആമുഖം

## ഭാഗം 1

### പ്രാരംഭികം

1. (1) ഈ അക്ററിൽ, വിഷയത്തിലോ സന്ദർഭത്തിലോ എന്തെങ്കിലും വൈരുദ്ധ്യം ഇല്ലാത്തപക്ഷം,— വ്യാഖ്യാന ഖണ്ഡം

''പുസ്തകം'' എന്നതിൽ ഏതൊരു വാല്യവും, ഒരു വാല്യത്തിൻെറ ഭാഗവും അല്ലെങ്കിൽ വിഭാഗവും, ഏതു ഭാഷയിലും ഉള്ള ലഘുലേഖയും, സംഗീതത്തിൻെറയോ, ഭൂപടത്തിൻെറയോ, ചാർട്ടിൻേറയോ, പ്ലാനിൻേറയോ പ്രത്യേകമായി അച്ചടിക്കപ്പെട്ട ഏതൊരു താളും, ഉൾപ്പെടുന്നതാകുന്നു;

''പത്രാധിപർ'' എന്നാൽ വർത്തമാനപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്ന കാര്യങ്ങളുടെ തിരഞ്ഞെടുപ്പ് നിയന്ത്രിക്കുന്ന ആൾ എന്ന് അർത്ഥമാകുന്നു:

''മജിസ്ട്രേററ്'' എന്നാൽ ഒരു മജിസ്ട്രേററിൻെറ മുഴുവൻ അധികാരങ്ങളും പ്രയോഗിക്കുന്ന ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നതും, അതിൽ പോലീസ് മജിസ്ട്രേററ് ഉൾപ്പെടുന്നതും ആകുന്നു

''വർത്തമാനപ്പത്രം'' എന്നാൽ പൊതു വർത്തമാനങ്ങളോ പൊതു വർത്തമാനങ്ങളിൻമേലുള്ള വിമർശനങ്ങളോ അടങ്ങിയിട്ടുള്ളതും അച്ചടിച്ച് ആനുകാലികമായി പ്രസിദ്ധീകരിക്കുന്നതും ആയ ഏതെങ്കിലും കൃതി എന്ന് അർത്ഥമാകുന്നു;

''പത്രം'' എന്നാൽ വർത്തമാനപ്പത്രം ഉൾപ്പെടെ ഒരു പുസ്തകമല്ലാത്ത ഏതെങ്കിലും രേഖ എന്ന് അർത്ഥമാകുന്നു;

''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ 20 ക വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു;

''പ്രസ്സ് രജിസ്ട്രാർ'' എന്നാൽ 19 ക വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ നിയമിക്കുന്ന ഭാരത വർത്തമാനപ്പത്ര രജിസ്ട്രാർ എന്ന് അർത്ഥമാകുന്നതും, ഇതിൽ പ്രസ്സ് രജിസ്ട്രാറുടെ എല്ലാ ചുമതലകളുമോ അവയിൽ ഏതെങ്കിലുമോ നിർവ്വഹിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നിയമിക്കുന്ന മററ് ഏതൊരാളും ഉൾപ്പെടുന്നതും ആകുന്നു ;

''അച്ചടിക്കൽ'' എന്നതിൽ കയ്യക്ഷരപ്പകർപ്പെടുക്കലും കല്ലച്ചിലുള്ള അച്ചടിയും ഉൾപ്പെടുന്നതാകുന്നു;

''രജിസ്ററർ'' എന്നാൽ 19 ക വകുപ്പുപ്രകാരം വച്ചുപോരുന്ന വർത്ത മാനപ്പത്ര രജിസ്ററർ എന്ന് അർത്ഥമാകുന്നു.

(2) ജമ്മു—കാശ്മീർ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം, ആ സംസ്ഥാനത്ത് പ്രാബല്യത്തിൽ ഇല്ലാത്ത ഏതെങ്കിലും നിയമം സംബന്ധിച്ച് ഈ ആക്ററിലുള്ള പരാമർശത്തെ ആ സംസ്ഥാനത്ത് പ്രാബല്യത്തിൽ ഇരിക്കുന്ന തത്സ്ഥാനീയ നിയമം സംബന്ധിച്ച പരാമർശമായി കണക്കാക്കേണ്ടതാണ്.

2. [1835—ലെ 11—ാം ആക്ററിന്റെ റദ്ദാക്കൽ.] 1870—ലെ റദ്ദാക്കൽ ആക്ററ് (1870—ലെ 14), 1—ാം വകുപ്പ്, പട്ടിക ഭാഗം II, ഇവയാൽ റദ്ദാക്കപ്പെട്ടു.

## ഭാഗം II

### അച്ചടിയന്ത്രങ്ങളേയും വർത്തമാനപ്പത്രങ്ങളേയും കുറിച്ച്

**പുസ്തകങ്ങളിലും പത്രങ്ങളിലും അച്ചടിച്ചിരിക്കേണ്ട വിവരങ്ങൾ**

3. ഭാരതത്തിൽ അച്ചടിക്കുന്ന ഓരോ പുസ്തകത്തിൻമേലും പത്രത്തിൻമേലും, അച്ചടിക്കുന്ന ആളിന്റെ പേരും അച്ചടിക്കുന്ന സ്ഥലവും, (ആ പുസ്തകമോ പത്രമോ പ്രസിദ്ധപ്പെടുത്തുന്നതാണെങ്കിൽ) പ്രസാധകന്റെ പേരും പ്രസിദ്ധീകരിക്കുന്ന സ്ഥലവും എളുപ്പം വായിക്കത്തക്കവിധം അച്ചടിച്ചിരിക്കേണ്ടതാകുന്നു.

**അച്ചടിയന്ത്രം സൂക്ഷിക്കുന്ന ആൾ പ്രഖ്യാപനം ചെയ്യണമെന്ന്**

4. (1) പുസ്തകങ്ങളോ പത്രങ്ങളോ അച്ചടിക്കുന്നതിനു വേണ്ടിയുള്ള ഏതെങ്കിലും പ്രസ്സ്, അത് ഏത് ജില്ലാ മജിസ്ട്രേററിന്റെയോ പ്രസിഡൻസി മജിസ്ട്രേററിന്റെയോ സബ് ഡിവിഷണൽ മജിസ്ട്രേററിന്റെയോ തദ്ദേശാധികാരിതയിലാണോ, ആ മജിസ്ട്രേററിന്റെ മുമ്പാകെ താഴെ പറയുന്ന പ്രഖ്യാപനം ചെയ്യുകയും ഒപ്പ് വയ്ക്കുകയും ചെയ്തിട്ടില്ലാത്ത യാതൊരാളും ഭാരതത്തിൽ കൈവശം വയ്ക്കാൻ പാടില്ലാത്തതാകുന്നു;

''ക.ഖ. ആയ ഞാൻ, എനിക്ക്.......................................................ത്ത് അച്ചടിക്കുന്നതിനുള്ള ഒരു പ്രസ്സ് ഉള്ളതായി പ്രഖ്യാപിക്കുന്നു''.

അങ്ങനെയുള്ള പ്രസ്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സത്യവും കൃത്യവും ആയ വിവരണം കൊണ്ട് എഴുതാതെ വിട്ടിരിക്കുന്ന ഇടം പൂരിപ്പിക്കേണ്ടതും ആകുന്നു.

(2) ഒരു പ്രസ്സ് സൂക്ഷിച്ചിരിക്കുന്ന സ്ഥലം മാററുമ്പോഴെല്ലാം ഒരു പുതിയ പ്രഖ്യാപനം അവശ്യം വേണ്ടതാണ്:

എന്നാൽ ആ മാററം അറുപത് ദിവസത്തിൽ കവിയാത്ത കാലയളവിലേക്ക് ആയിരിക്കുകയും ആ മാററത്തിനു ശേഷം പ്രസ്സ് സൂക്ഷിക്കുന്ന സ്ഥലം (1)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മജിസ്ട്രേററിന്റെ തദ്ദേശാധികാരിതയ്ക്ക് ഉള്ളിൽ ആയിരിക്കുകയും ചെയ്യുന്നിടത്ത്,—

(ക) ആ മാററത്തെ സംബന്ധിച്ചുള്ള ഒരു സ്റേറററുമെന്റ്, മാറി ക്കഴിഞ്ഞ് ഇരുപത്തിനാല് മണിക്കൂറിനകം മേൽപറഞ്ഞ മജിസ്ട്രേററിന് നൽകുകയും;

(ഖ) പ്രസ്സിന്റെ സൂക്ഷിപ്പുകാരൻ ആയി അതേ ആൾ തന്നെ തുടരുകയും;

ആണെങ്കിൽ പുതിയ പ്രഖ്യാപനം ആവശ്യം ഇല്ലാത്തതാകുന്നു.

**വർത്തമാനപ്പത്രങ്ങളുടെ പ്രസിദ്ധീകരണം സംബന്ധിച്ച ചട്ടങ്ങൾ**

5. ഇതിൽ താഴെ കൊടുത്തിട്ടുള്ള ചട്ടങ്ങൾക്ക് അനുസൃതമായല്ലാതെ, ഭാരതത്തിൽ യാതൊരു വർത്തമാനപ്പത്രവും പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല.

(1) 3—ാം വകുപ്പിലെ വ്യവസ്ഥകൾക്കു ഭംഗം വരാത്തവിധം, അങ്ങനെയുള്ള ഓരോ വർത്തമാനപ്പത്രത്തിന്റെയും ഓരോ പ്രതിയിലും, അതിന്റെ ഉടമസ്ഥന്റേയും പത്രാധിപരുടേയും പേരുകളും അതിന്റെ പ്രസിദ്ധീകരണത്തീയതിയും സ്പഷ്ടമായി അച്ചടിച്ചിരിക്കേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതൊരു വർത്തമാനപ്പത്രത്തിന്റെയും അച്ചടിക്കുന്ന ആളും, പ്രസാധകനും നേരിട്ടോ, 20-ാം വകുപ്പുപ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്ക് അനുസൃതമായി അതിലേക്ക് അധികാരപ്പെടുത്തിയ ഏജന്റ് മുഖേനയോ, വർത്തമാനപ്പത്രം അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നിടത്ത് തദ്ദേശാധികാരിതയുള്ള ജില്ലാ മജിസ്ട്രേറ്റിന്റെയോ പ്രസിഡൻസി മജിസ്ട്രേറ്റിന്റെയോ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയോ മുമ്പാകെ സന്നിഹിതനാകേണ്ടതും താഴെ പറയുന്ന പ്രഖ്യാപനം ചെയ്യേണ്ടതും അതിന്റെ രണ്ടു പ്രതികളിൽ ഒപ്പ് വയ്ക്കേണ്ടതും ആകുന്നു.

''ക. ഖ. ആയ ഞാൻ..........................................................................എന്ന ശീർഷകത്തിലുള്ളതും..................................................ത്ത്, അച്ചടിക്കേണ്ടതോ പ്രസിദ്ധീകരിക്കേണ്ടതോ, അല്ലെങ്കിൽ അച്ചടിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതോ ആയ വർത്തമാനപ്പത്രത്തിന്റെ അച്ചടിക്കുന്ന ആൾ (അല്ലെങ്കിൽ പ്രസാധകൻ, അല്ലെങ്കിൽ അച്ചടിക്കുന്ന ആളും പ്രസാധകനും), അതതു സംഗതിപോലെ, ആണെന്ന് പ്രഖ്യാപിക്കുന്നു''.

ഈ പ്രഖ്യാപനത്തിന്റെ ഫാറത്തിലുള്ള ഒന്നുമെഴുതാതെ വിട്ടിട്ടുള്ള രണ്ടാമത്തെ ഇടം അച്ചടിയോ പ്രസിദ്ധീകരണമോ നടത്തുന്ന കെട്ടിട പരിസരങ്ങളുടെ സത്യവും കൃത്യവും ആയ വിവരണംകൊണ്ട് പൂരിപ്പിക്കേണ്ടതും ആകുന്നു.

(2ക) (2)-ാം ചട്ടത്തിൻ കീഴിലുള്ള ഏതൊരു പ്രഖ്യാപനവും, ആ വർത്തമാനപ്പത്രത്തിന്റെ പേരും അത് ഏത് ഭാഷയിലാണ് പ്രസിദ്ധപ്പെടുത്തുന്നത് എന്നും ആനുകാലികതയും വിനിർദ്ദിഷ്ടമാക്കേണ്ടതും അതിൽ നിർണ്ണയിക്കുന്ന മററു വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും ആകുന്നു.

(2ഖ) (2)-ാം ചട്ടത്തിൻകീഴിൽ ഒരു പ്രഖ്യാപനം ചെയ്യുന്ന, ഒരു വർത്തമാനപ്പത്രത്തിന്റെ അച്ചടിക്കുന്ന ആളോ പ്രസാധകനോ അതിന്റെ ഉടമസ്ഥനല്ലാത്തിടത്ത്, ആ പ്രഖ്യാപനത്തിൽ, ഉടമസ്ഥന്റെ പേര് വിനിർദ്ദിഷ്ടമാക്കേണ്ടതും, അങ്ങനെയുള്ള പ്രഖ്യാപനം ചെയ്യുകയും ഒപ്പ് വയ്ക്കുകയും ചെയ്യുന്നതിന് അങ്ങനെയുള്ള ആൾക്ക് അധികാരം നൽകുന്നതും ഉടമസ്ഥനിൽ നിന്നുള്ളതും ആയ ലിഖിതമായ ഒരു അധികാരപത്രം അതിന്റെ കൂടെ ഉണ്ടായിരിക്കേണ്ടതും ആകുന്നു.

(2ഗ) ഒരു വർത്തമാനപ്പത്രം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് അതിനെ സംബന്ധിച്ച് (2)-ാം ഉപവകുപ്പിൽ ചെയ്തതും 6-ാം വകുപ്പു പ്രകാരം പ്രമാണീകരിച്ചതുമായ ഒരു പ്രഖ്യാപനം ആവശ്യമായിരിക്കുന്നതാണ്.

(2ഘ) ഏതെങ്കിലും വർത്തമാനപ്പത്രത്തിന്റെ പേരോ അതിന്റെ ഭാഷയോ പ്രസിദ്ധീകരണത്തിന്റെ ആനുകാലികതയോ മാററുന്നിടത്ത്, ആ പ്രഖ്യാപനത്തിന് പ്രഭാവം ഇല്ലാതാകുന്നതും, ആ വർത്തമാനപ്പത്രത്തിന്റെ പ്രസിദ്ധീകരണം തുടരുന്നതിനുമുമ്പ് ഒരു പുതിയ പ്രഖ്യാപനം ആവശ്യമായിരിക്കുന്നതുമാകുന്നു.

(2ങ) ഒരു വർത്തമാനപ്പത്രത്തിന്റെ ഉടമസ്ഥതയിൽ മാററമുണ്ടാകുമ്പോഴെല്ലാം ഒരു പുതിയ പ്രഖ്യാപനം ആവശ്യമായിരിക്കുന്നതാണ്.

(3) അച്ചടിക്കുന്നതോ പ്രസിദ്ധീകരിക്കുന്നതോ ആയ സ്ഥലം മാറുമ്പോഴെല്ലാം, ഒരു പുതിയ പ്രഖ്യാപനം ആവശ്യമായിരിക്കുന്നതാണ്.

എന്നാൽ, ആ മാററം മുപ്പതു ദിവസത്തിൽ കവിയാത്ത കാലത്തേക്ക് ആയിരിക്കുകയും, മാററത്തിനുശേഷം അച്ചടിക്കുന്നതിനോ പ്രസിദ്ധീകരിക്കുന്നതിനോ ഉള്ള സ്ഥലം (2)-ാം ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള മജിസ്ട്രേററിന്റെ പ്രാദേശികാധികാരിതയിൽ ആയിരിക്കുകയും ചെയ്യുന്നിടത്ത്,—

(ക) ആ മാററത്തെ സംബന്ധിച്ചുള്ള ഒരു സ്റേററ്മെന്റ് മാറി ഇരുപത്തിനാല് മണിക്കൂറിനകം മേൽപ്പറഞ്ഞ മജിസ്ട്രേററിന് നൽകുകയും;

(ഖ) ആ വർത്തമാനപ്പത്രത്തിന്റെ അച്ചടിക്കുന്ന ആളോ പ്രസാധകനോ, അല്ലെങ്കിൽ അച്ചടിക്കാരനും പ്രസാധകനും, ആയി അതേ ആൾതന്നെ തുടരുകയും;

ചെയ്യുന്നതായാൽ, ഒരു പുതിയ പ്രഖ്യാപനത്തിന്റെ ആവശ്യം ഉണ്ടായിരിക്കുന്നതല്ല.

(4) മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രഖ്യാപനം ചെയ്ത അച്ചടിക്കുന്ന ആളോ പ്രസാധകനോ തൊണ്ണൂറു ദിവസത്തിൽ കവിഞ്ഞ കാലയളവിലേക്ക് ഭാരതം വിട്ടുപോകുമ്പോഴെല്ലാം, അല്ലെങ്കിൽ അങ്ങനെയുള്ള അച്ചടിക്കുന്ന ആളോ പ്രസാധകനോ അയാളുടെ ഉദ്യോഗം ഒഴിഞ്ഞുപോകേണ്ടതല്ലാത്ത സാഹചര്യത്തിൽ കായിക ദൗർബല്യത്താലോ മററു വിധത്തിലോ തൊണ്ണൂറു ദിവസത്തിൽ കവിഞ്ഞ കാലയളവിലേക്ക് അയാളുടെ ചുമതലകൾ നിർവ്വഹിക്കുവാൻ അപ്രാപ്തനായിത്തീരുന്നിടത്ത് ഒരു പുതിയ പ്രഖ്യാപനം ആവശ്യമായിരിക്കുന്നതാണ്.

(5) ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച് ഉണ്ടാക്കപ്പെട്ട ഏതൊരു പ്രഖ്യാപനവും—

(ക) ആഴ്ചയിൽ ഒരു പ്രാവശ്യമോ അതിലധികമോ പ്രസിദ്ധീകരിക്കേണ്ട ഒരു വർത്തമാനപ്പത്രത്തിന്റെ കാര്യത്തിൽ 6—ാം വകുപ്പുപ്രകാരം പ്രഖ്യാപനം പ്രമാണീകരിച്ച് ആറ് ആഴ്ചയ്ക്കകവും;

(ഖ) മററ് ഏത് വർത്തമാനപ്പത്രത്തിന്റെ കാര്യത്തിലും 6—ാം വകുപ്പുപ്രകാരം പ്രഖ്യാപനം പ്രമാണീകരിച്ച് മൂന്നു മാസത്തിനകവും;

ആ വർത്തമാനപ്പത്രത്തിന്റെ പ്രസിദ്ധീകരണം ആരംഭിക്കാതിരിക്കുന്നിടത്ത് ശൂന്യമായിരിക്കുന്നതും, അങ്ങനെയുള്ള ഓരോ സന്ദർഭത്തിലും ആ വർത്തമാനപത്രം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ഒരു പുതിയ പ്രഖ്യാപനം ആവശ്യമായിരിക്കുന്നതും ആകുന്നു.

(6) ഏതെങ്കിലും മൂന്നുമാസ കാലയളവിൽ ദിവസം തോറുമോ ആഴ്ചയിൽ മൂന്നു പ്രാവശ്യമോ ആഴ്ചയിൽ രണ്ടു പ്രാവശ്യമോ ആഴ്ചയിലൊരിക്കലോ അല്ലെങ്കിൽ രണ്ടാഴ്ചയിലൊരിക്കലോ പുറപ്പെടുന്ന ഏതെങ്കിലും വർത്തമാനപത്രം, അത് സംബന്ധിച്ച് ചെയ്യപ്പെട്ട പ്രഖ്യാപനം അനുസരിച്ച് പ്രസിദ്ധീകരിക്കേണ്ട പതിപ്പുകളിൽ പകുതിയിൽ കുറവ് പ്രസിദ്ധീകരിക്കുന്നിടത്ത്, ആ പ്രഖ്യാപനത്തിന് പ്രഭാവം ഇല്ലാതായിത്തീരുന്നതും, ആ വർത്തമാനപ്പത്രം തുടർന്ന് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഒരു പുതിയ പ്രഖ്യാപനം ആവശ്യമായിരിക്കുന്നതും ആകുന്നു.

(7) മററ് ഏതെങ്കിലും വർത്തമാനപ്പത്രം പന്ത്രണ്ടു മാസത്തിൽ കവിഞ്ഞ കാലയളവിലേക്ക് പ്രസിദ്ധീകരണം നിറുത്തിവയ്ക്കുന്നിടത്ത്, അതു സംബന്ധിച്ച് ചെയ്തിരുന്ന ഏതൊരു പ്രഖ്യാപനത്തിനും പ്രഭാവം ഇല്ലാതായിത്തീരുന്നതും, ആ വർത്തമാനപ്പത്രം വീണ്ടും പ്രസിദ്ധീകരിക്കുന്നതിന് മുമ്പ്, ഒരു പുതിയ പ്രഖ്യാപനം ആവശ്യമായിരിക്കുന്നതും ആകുന്നു.

(8) ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച് നിലവിലുള്ള ഏതൊരു പ്രഖ്യാപനവും, ഏതൊരു മജിസ്ട്രേററ് മുമ്പാകെയാണോ അതിനെ സംബന്ധിച്ച് ഒരു പുതിയ പ്രഖ്യാപനം ചെയ്യുകയും ഒപ്പ് വയ്ക്കുകയും ചെയ്യുന്നത്, ആ മജിസ്ട്രേററ് റദ്ദാക്കേണ്ടതാണ്:

1875—ലെ 9 എന്നാൽ സാധാരണയായി ഭാരതത്തിൽ താമസിക്കാത്തതോ, 1875—ലെ ഇൻഡ്യൻ മെജോറിററി ആക്ററിലേയോ പ്രായപൂർത്തിയാകൽ സംബന്ധിച്ച് അയാൾ വിധേയനായിരിക്കുന്ന നിയമത്തിലേയോ വ്യവസ്ഥകൾ അനുസരിച്ച് പ്രായപൂർത്തിയാകാത്തതോ, ആയ യാതൊരാളേയും, ഈ വകുപ്പു പ്രകാരം നിർണ്ണയിച്ചിട്ടുള്ള പ്രഖ്യാപനം ചെയ്യാൻ അനുവദിക്കാനോ അങ്ങനെയുള്ള ഏതെങ്കിലും ആൾ ഒരു വർത്തമാനപ്പത്രത്തിന്റെ പത്രാധിപത്യം വഹിക്കാനോ പാടില്ലാത്തതാകുന്നു.

**എസ്. 1989-ലെ 1-ാം ജമ്മു-കാശ്മീർ ആക്റ്റ്. ജമ്മു-കാശ്മീരിലുള്ള അച്ചടി യന്ത്രങ്ങളാംസൂക്ഷിക്കുന്നവരും വർത്തമാനപ്പത്രങ്ങളാം അച്ചടിക്കുന്നആളുകളും പ്രസാധകരും വിനിർദ്ദിഷ്ടമായകാലത്തിനുള്ളിൽ പുതിയ പ്രഖ്യാപനങ്ങളാം ചെയ്യുകയും ഒപ്പു വയ്ക്കുകയുംചെയ്യേണ്ടതാണെന്ന്**

5ക. (1) ജമ്മു-കാശ്മീർ സ്റ്റേറ്റ് പ്രസ്സ് ആന്റ് പബ്ലിക്കേഷൻസ് ആക്റ്റ്, എസ്. 1989-ന്റെ 4-ാം വകുപ്പു പ്രകാരം ഏതെങ്കിലും പ്രസ്സിനെ സംബന്ധിച്ച് ഒരു പ്രഖ്യാപനം ചെയ്യുകയും ഒപ്പു വയ്ക്കുകയും ചെയ്ത യാതൊരാളും, 1969 ഡിസംബർ 31-ാം തീയതിക്കുശേഷം, ആ ദിവസം അവസാനിക്കുന്നതിനു മുമ്പ് അയാാം ആ പ്രസ്സിനെ സംബന്ധിച്ച് ഈ ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം പുതിയ ഒരു പ്രഖ്യാപനം ചെയ്യുകയും ഒപ്പ് വയ്ക്കുകയും ചെയ്തിട്ടില്ലാത്തപക്ഷം പുസ്തകമോ പത്രങ്ങളോ അച്ചടിക്കുന്നതിനുവേണ്ടി ആ പ്രസ്സ് അയാളുടെ കൈവശം വച്ചുകൊണ്ടിരിക്കാൻ പാടില്ലാത്തതാകുന്നു.

(2) ഏതെങ്കിലും ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച് ജമ്മു-കാശ്മീർ സ്റ്റേറ്റ് പ്രസ്സ് ആന്റ് പബ്ലിക്കേഷൻസ് ആക്റ്റ്, എസ്. 1989-ന്റെ 5-ാം വകുപ്പുപ്രകാരം ഏതെങ്കിലും പ്രഖ്യാപനം ഒപ്പുവച്ചിട്ടുള്ള ഏതൊരാളും 1968 ഡിസംബർ 31-ാം തീയതിക്കുശേഷം ആ ദിവസം അവസാനിക്കുന്നതിനു മുമ്പ് ആ വർത്തമാനപ്പത്രത്തെ സംബന്ധിച്ച്, ആ ആക്റ്റിന്റെ 5-ാം വകുപ്പിൽ കൊടുത്തിട്ടുള്ള ചട്ടങ്ങളിലെ (2)-ാം ചട്ടത്തിൻ കീഴിൽ പുതിയ ഒരു പ്രഖ്യാപനം ഉണ്ടാക്കുകയും ഒപ്പു വയ്ക്കുകയും ചെയ്യാത്തപക്ഷം, അങ്ങനെയുള്ള പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള വർത്തമാനപ്പത്രത്തിന്റെ പത്രാധിപരോ, അച്ചടിക്കുന്ന ആളോ, പ്രസാധകനോ അല്ലാതായിത്തീരുന്നതാണ്.

**പ്രഖ്യാപനത്തിന്റെ പ്രമാണീകരണം**

6. മുൻപറഞ്ഞ പ്രകാരം ചെയ്യുകയും ഒപ്പുവയ്ക്കുകയും ചെയ്ത ഏതൊരു പ്രഖ്യാപനത്തിന്റെയും രണ്ട് അസ്സലുകളിൽ ഓരോന്നും ഏത് മജിസ്ട്രേററിന്റെ മുമ്പാകെയാണോ ആ പ്രഖ്യാപനം ചെയ്തത് ആ മജിസ്ട്രേററ് തന്റെ ഒപ്പും ഔദ്യോഗിക മുദ്രയും വച്ച് പ്രമാണീകരിക്കേണ്ടതാണ്:

എന്നാൽ, 5-ാം വകുപ്പുപ്രകാരം ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച്, ഏതെങ്കിലും പ്രഖ്യാപനം ചെയ്യുകയും ഒപ്പുവയ്ക്കുകയും ചെയ്യുന്നിടത്ത്, ഒരേ ആാം തന്നെ ഉടമസ്ഥത വഹിക്കുന്ന വർത്തമാനപ്പത്രങ്ങളുടെ സംഗതിയിലൊഴികെ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന വർത്തമാനപ്പത്രം, അതേ ഭാഷയിലോ അതേ സംസ്ഥാനത്തോ പ്രസിദ്ധീകരിക്കുന്ന മറേറതെങ്കിലും വർത്തമാനപ്പത്രത്തിന്റേതായ പേരോ അതിനു സദൃശ്യമായ പേരോ വഹിക്കുന്നില്ലെന്ന് പ്രസ്സ് രജിസ്ട്രാറോട് അന്വേഷിച്ചതിൽ നിന്നും ബോദ്ധ്യപ്പെടാത്ത പക്ഷം, മജിസ്ട്രേററ് ആ പ്രഖ്യാപനം അപ്രകാരം പ്രമാണീകരിക്കാൻ പാടില്ലാത്തതാകുന്നു.

**നിക്ഷേപം.**

മുൻപറഞ്ഞ അസ്സലുകളിൽ ഒന്ന് മജിസ്ട്രേററിന്റെ ആഫീസിലെ റിക്കാർഡുകളോടൊപ്പം നിക്ഷേപിക്കേണ്ടതും മറേറത് ന്യായാധികാര ഹൈക്കോടതിയുടെയോ മുൻപറഞ്ഞ പ്രഖ്യാപനം ചെയ്ത സ്ഥലത്ത് ആദ്യാധികാരിതയുള്ള മററു പ്രധാന സിവിൽ കോടതിയുടെയോ റിക്കാർഡുകളോടൊപ്പം നിക്ഷേപിക്കേണ്ടതും ആകുന്നു.

**പരിശോധനയും പകർപ്പുകളുടെ വിതരണവും.**

ഓരോ അസ്സലിന്റെയും ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ, ഏതൊരാളെയും ഒരു രൂപ ഫീസ് കൊടുക്കുന്നതിൻമേൽ, ആ അസ്സൽ പരിശോധിക്കാൻ അനുവദിക്കേണ്ടതും മുൻപറഞ്ഞ പ്രഖ്യാപനത്തിന്റെ ഒരു പകർപ്പിന് അപേക്ഷിക്കുന്ന ഏതൊരാാംക്കും, രണ്ടുരൂപ ഫീസ് കൊടുക്കുന്നതിൻമേൽ, ആ അസ്സൽ സൂക്ഷിച്ചിരിക്കുന്ന കോടതിയുടെ മുദ്രവച്ച് സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് കൊടുക്കേണ്ടതും ആകുന്നു.

മജിസ്ട്രേററിന്റെ ഔദ്യോഗിക മുദ്രവച്ച് സാക്ഷ്യപ്പെടുത്തിയ പ്രഖ്യാപനത്തിന്റെ ഒരു പകർപ്പ്, അല്ലെങ്കിൽ ആ പ്രഖ്യാപനം പ്രമാണീകരിക്കാൻ വിസമ്മതിച്ചുകൊണ്ടുള്ള ഉത്തരവിന്റെ ഒരു പകർപ്പ് ആ പ്രഖ്യാപനം ചെയ്യുകയും ഒപ്പ് വയ്ക്കുകയും ചെയ്യുന്ന ആാംക്കും കൂടാതെ പ്രസ്സ് രജിസ്ട്രാർക്കും കഴിയുന്നതുംവേഗം അയയ്ക്കേണ്ടതാണ്.

**പ്രഖ്യാപനത്തിന്റെ ആഫീസ് പകർപ്പ് പ്രഥമ ദൃഷ്ട്യാ ഉള്ള തെളിവ് ആയിരിക്കുമെന്ന്.**

7. ഏത് നിയമനടപടിയിലും, അത് സിവിൽ ആയാലും ക്രിമിനൽ ആയാലും, അങ്ങനെയുള്ള പ്രഖ്യാപനങ്ങളുടെ സൂക്ഷിപ്പിന് ഈ ആക്ടിന്റെ കീഴിൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും കോടതിയുടെ മുദ്രവച്ച് സാക്ഷ്യപ്പെടുത്തിയ, മുൻപറഞ്ഞ പ്രകാരമുള്ള പ്രഖ്യാപനത്തിന്റെ ഒരു പകർപ്പിന്റെ ഹാജരാക്കലും, അല്ലെങ്കിൽ പത്രാധിപരുടെ സംഗതിയിൽ പത്രാധിപരായി അയാളുടെ പേര് അച്ചടിച്ചിട്ടുള്ള വർത്തമാനപ്പത്രത്തിന്റെ ഒരു പ്രതിയുടെ ഹാജരാക്കലും ഏതാളുടെ പേരാണോ പ്രഖ്യാപനത്തിൽ ചേർത്തിട്ടുള്ളത്, അല്ലെങ്കിൽ അതത് സംഗതിപോലെ, വർത്തമാനപ്പത്രത്തിൽ അച്ചടിച്ചിട്ടുള്ളത്, ആ ആൾ പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള വർത്തമാനപ്പത്രത്തിന്റെ പേരു തന്നെയുള്ള ഏതൊരു വർത്തമാനപ്പത്രത്തിലേയും ഓരോ ഭാഗത്തിന്റെയും അച്ചടിക്കുന്ന ആളോ പ്രസാധകനോ, അല്ലെങ്കിൽ അച്ചടിക്കുന്ന ആളും പ്രസാധകനും (മുൻപറഞ്ഞ പ്രഖ്യാപനത്തിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ അനുസരിച്ച്) ആണെന്നും, അല്ലെങ്കിൽ വർത്തമാനപ്പത്രത്തിന്റെ ഏതൊരു ലക്കത്തിന്റെ പ്രതിയാണോ ഹാജരാക്കിയത് ആ ലക്കത്തിലെ ഏതൊരു ഭാഗത്തിന്റെയും പത്രാധിപർ ആണെന്നും ഉള്ളതിന് (വിപരീതമായത് തെളിയിക്കപ്പെടാത്തപക്ഷം) അയാൾക്കെതിരായ മതിയായ തെളിവായി സ്വീകരിക്കുന്നതാണ്.

**പ്രഖ്യാപനം ഒപ്പു വയ്ക്കുകയും അച്ചടിക്കുന്നവരോ പ്രസാധകരോ അല്ലാതായിത്തീരുകയും ചെയ്ത ആളുകൾ ചെയ്യേണ്ട പുതിയ പ്രഖ്യാപനം.**

8. ഏതെങ്കിലും ആൾ, ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച് 5-ാം വകുപ്പുപ്രകാരം ഒരു പ്രഖ്യാപനം ഒപ്പു വയ്ക്കുകയും ആ പ്രഖ്യാപനം ഒരു മജിസ്ട്രേറ്റ് 6-ാം വകുപ്പിൻ കീഴിൽ പ്രമാണീകരിക്കുകയും ചെയ്തിട്ട്, ആ ആൾ പിന്നീട് അങ്ങനെയുള്ള പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള വർത്തമാനപ്പത്രത്തിന്റെ അച്ചടിക്കുന്ന ആളോ പ്രസാധകനോ അല്ലാതായിത്തീർന്നാൽ, അയാൾ ഏതെങ്കിലും ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റിന്റെയോ പ്രസിഡൻസി മജിസ്ട്രേറ്റിന്റെയോ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയോ മുമ്പാകെ സന്നിഹിതനാകേണ്ടതും, താഴെ കൊടുത്തിട്ടുള്ള പ്രഖ്യാപനം ചെയ്യേണ്ടതും അതിന്റെ രണ്ടു പ്രതികളിൽ ഒപ്പു വയ്ക്കേണ്ടതും ആകുന്നു:—

''ക.ഖ. ആയ ഞാൻ.....................................എന്ന ശീർഷകത്തിലുള്ള വർത്തമാനപ്പത്രത്തിന്റെ അച്ചടിക്കുന്ന ആളോ പ്രസാധകനോ അല്ലെങ്കിൽ അച്ചടിക്കുന്ന ആളും പ്രസാധകനും അല്ലാതായിത്തീർന്നിരിക്കുന്നു എന്ന് ഞാൻ പ്രഖ്യാപിച്ചിരിക്കുന്നു''.

പ്രമാണീകരണവും ഫയൽ ചെയ്യലും.

രണ്ടാമത്തെ പ്രഖ്യാപനത്തിന്റെ ഓരോ അസ്സലും മുൻപറഞ്ഞ രണ്ടാമത്തെ പ്രഖ്യാപനം ഏതു മജിസ്ട്രേറ്റിന്റെ മുമ്പാകെയാണോ ചെയ്തത്, ആ മജിസ്ട്രേറ്റിന്റെ കൈയൊപ്പും മുദ്രയും കൊണ്ട് പ്രമാണീകരിക്കേണ്ടതും, മുൻ പറഞ്ഞ രണ്ടാമത്തെ പ്രഖ്യാപനത്തിന്റെ ഓരോ അസ്സലും ആദ്യത്തെ പ്രഖ്യാപനത്തിന്റെ ഓരോ അസ്സലിനോടുമൊപ്പം ഫയൽ ചെയ്യേണ്ടതും ആകുന്നു.

**പരിശോധനയും പകർപ്പുകളുടെ വിതരണവും.**

രണ്ടാമത്തെ പ്രഖ്യാപനത്തിന്റെ ഓരോ അസ്സലിന്റെയും ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ ഏതൊരാളെയും, ഒരു രൂപ ഫീസ് കൊടുക്കുന്നതിൻമേൽ, ആ അസ്സൽ പരിശോധിക്കാൻ അനുവദിക്കേണ്ടതും, മുൻപറഞ്ഞ രണ്ടാമത്തെ പ്രഖ്യാപനത്തിന്റെ ഒരു പകർപ്പിന് അപേക്ഷിക്കുന്ന ഏതൊരാൾക്കും, രണ്ടു രൂപ ഫീസ് കൊടുക്കുന്നതിൻമേൽ, ആ അസ്സൽ സൂക്ഷിച്ചിരിക്കുന്ന കോടതിയുടെ മുദ്രവച്ച് സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് കൊടുക്കേണ്ടതും ആകുന്നു.

**പകർപ്പ് തെളിവായി വയ്ക്കുന്നത്**

ആദ്യത്തെ പ്രഖ്യാപനത്തിന്റെ മേൽപ്പറഞ്ഞ പ്രകാരം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് തെളിവിനായി വച്ചിട്ടുള്ള എല്ലാ വിചാരണകളിലും രണ്ടാമത്തെ പ്രഖ്യാപനത്തിന്റെ മേൽപ്പറഞ്ഞ പ്രകാരം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് തെളിവിനായി വയ്ക്കുന്നത് നിയമാനുസൃതം ആയിരിക്കുന്നതും പ്രഖ്യാപകൻ രണ്ടാമത്തെ പ്രഖ്യാപനത്തിന്റെ തീയതിക്കു ശേഷമുള്ള ഏതെങ്കിലും കാലയളവിൽ അതിൽ പറഞ്ഞിട്ടുള്ള വർത്തമാനപ്പത്രത്തിന്റെ അച്ചടിക്കുന്ന ആളോ പ്രസാധകനോ ആയിരുന്നു എന്നുള്ളതിന് ആദ്യത്തെ പ്രഖ്യാപനം തെളിവായി എടുക്കാൻ പാടില്ലാത്തതും ആകുന്നു.

മജിസ്ട്രേറ്റിന്റെ ഔദ്യോഗിക മുദ്രവച്ച് സാക്ഷ്യപ്പെടുത്തി രണ്ടാമത്തെ പ്രഖ്യാപനത്തിന്റെ ഒരു പകർപ്പ് പ്രസ്സ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതാകുന്നു.

8ക. ആരുടെ പേരാണോ വർത്തമാനപ്പത്രത്തിൻെറ ഒരു പ്രതിയിൽ അതിൻെറ പത്രാധിപരായി പ്രത്യക്ഷപ്പെട്ടത് ആ ആരം അയാളുടെ പേര് അങ്ങനെ പ്രത്യക്ഷപ്പെട്ട ലക്കത്തിൻെറ പത്രാധിപർ താൻ അല്ലെന്ന് അവകാശപ്പെടുന്നപക്ഷം, അയാരംക്ക് തൻെറ പേര് അപ്രകാരം പ്രസിദ്ധപ്പെടുത്തിയതായി അറിവിൽപ്പെട്ട് രണ്ടാഴ്ചയ്ക്കകം ഒരു ഡിസ്ട്രിക്റ്റ് മജിസ്ട്രേററിൻെറയോ, പ്രസിഡൻസി മജിസ്ട്രേററിൻെറയോ സബ്ഡിവിഷണൽ മജിസ്ട്രേററിൻെറയോ മുമ്പാകെ ഹാജരായി തൻെറ പേര് ആ ലക്കത്തിൽ അതിൻെറ പത്രാധിപരായി പ്രസിദ്ധപ്പെടുത്തിയത് വാസ്തവ വിരുദ്ധമായിട്ടാണെന്ന് ഒരു പ്രഖ്യാപനം ചെയ്യാവുന്നതും, ആ മജിസ്ട്രേററിന്, ആവശ്യമെന്ന് തോന്നുന്ന അന്വേഷണ വിചാരണ നടത്തുകയോ നടത്തിക്കുകയോ ചെയ്തതിനുശേഷം, അങ്ങനെയുള്ള പ്രഖ്യാപനം സത്യമാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അതനുസരിച്ച് അദ്ദേഹം സർട്ടിഫൈ ചെയ്യേണ്ടതും, ആ സർട്ടിഫിക്കററ് കൊടുത്തുകഴിഞ്ഞാൽ ആ വർത്തമാനപ്പത്രത്തിൻെറ ആ ലക്കത്തെ സംബന്ധിച്ചിടത്തോളം 7—ാം വകുപ്പിലെ വ്യവസ്ഥകരം ആ ആരംക്ക് ബാധകമാകാത്തതും ആകുന്നു. പത്രാധിപരായി ആരുടെപേരാണോ വാസ്തവ വിരുദ്ധമായി പ്രസിദ്ധപ്പെടുത്തിയത്, അയാരംക്ക് മജിസ്ട്രേററിൻെറ മുമ്പാകെ ഒരു പ്രഖ്യാപനം ചെയ്യാമെന്ന്

അങ്ങനെയുള്ള ആരം, ആ കാലയളവിനുള്ളിൽ, ഹാജരായി പ്രഖ്യാപനം ചെയ്യുന്നതിൽനിന്ന് തക്കതായ കാരണത്താൽ തടയപ്പെട്ടിരുന്നു എന്ന് മജിസ്ട്രേററിന് ബോദ്ധ്യപ്പെടുന്ന ഏതു സന്ദർഭത്തിലും ഈ വകുപ്പ് അനുവദിക്കുന്ന കാലയളവ് അദ്ദേഹത്തിന് നീട്ടിക്കൊടുക്കാവുന്നതാണ്.

8ഖ. ഈ ആക്ററിൻകീഴിൽ ഒരു പ്രഖ്യാപനം പ്രമാണീകരിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള മജിസ്ട്രേററിന്, പ്രസ്സ് രജിസ്ട്രാർ അല്ലെങ്കിൽ മറേറതെങ്കിലും ആരം അദ്ദേഹത്തിന് ഒരു അപേക്ഷ നൽകുന്നതിൻമേലോ മററു വിധത്തിലോ ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച് ചെയ്യപ്പെട്ട ഏതെങ്കിലും പ്രഖ്യാപനം റദ്ദാക്കേണ്ടതാണെന്ന് അഭിപ്രായമുള്ള പക്ഷം, അദ്ദേഹത്തിന്, എടുക്കാൻ ഉദ്ദേശിക്കുന്ന നടപടിക്കെതിരായി കാരണം കാണിക്കുവാൻ ബന്ധപ്പെട്ട ആരംക്ക് ഒരവസരം നല്കിയശേഷം, ആ കാര്യത്തിൽ ഒരു അന്വേഷണവിചാരണ നടത്താവുന്നതും ഏതെങ്കിലും കാരണം അങ്ങനെയുള്ള ആരം കാണിക്കുന്നുവെങ്കിൽ അത് പരിഗണിക്കുകയും അയാരംക്കു പറയുവാനുള്ളതു പറയുവാൻ ഒരവസരം നൽകുകയും ചെയ്തതിനുശേഷം,— പ്രഖ്യാപനം റദ്ദാക്കൽ.

(i) ഏതു വർത്തമാനപ്പത്രം സംബന്ധിച്ചാണോ ആ പ്രഖ്യാപനം ചെയ്തത് ആ വർത്തമാനപ്പത്രം ഈ ആക്ററിലെ വ്യവസ്ഥകളോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ ഉല്ലംഘിച്ചുകൊണ്ടാണ് പ്രസിദ്ധീകരിക്കുന്നത് എന്നോ;

(ii) പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള വർത്തമാനപ്പത്രം അതേ ഭാഷയിലോ അതേ സംസ്ഥാനത്തോ പ്രസിദ്ധീകരിക്കുന്ന മററ് ഏതെങ്കിലും വർത്തമാനപ്പത്രത്തിൻെറ അതേ പേരോ അതിനോട് സാദൃശ്യമുള്ള പേരോ വഹിക്കുന്നു എന്നോ;

(iii) അച്ചടിക്കുന്ന ആളോ പ്രസാധകനോ അങ്ങനെയുള്ള പ്രഖ്യാപനത്തിൽ പറയുന്ന വർത്തമാനപ്പത്രത്തിൻെറ അച്ചടിക്കുന്ന ആളോ പ്രസാധകനോ അല്ലാതായിത്തീർന്നിരിക്കുന്നു എന്നോ;

(iv) ആ പ്രഖ്യാപനം തെററിദ്ധരിപ്പിക്കലിൻമേലോ സാരവത്തായ ഏതെങ്കിലും വസ്തുതയുടെ മറച്ചുവയ്ക്കലിൻമേലോ അല്ലെങ്കിൽ ഒരു ആനുകാലിക പ്രസിദ്ധീകരണം സംബന്ധിച്ചോ ചെയ്തതാണ് എന്നോ;

മജിസ്ട്രേററിന് ബോദ്ധ്യപ്പെട്ടാൽ അദ്ദേഹത്തിന്, ഉത്തരവുവഴി, ആ പ്രഖ്യാപനം റദ്ദാക്കാവുന്നതും കഴിയുന്നത്ര വേഗം ആ ഉത്തരവിൻെറ ഒരു പകർപ്പ് പ്രഖ്യാപനം ചെയ്യുകയോ ഒപ്പ് വയ്ക്കുകയോ ചെയ്ത ആരംക്കും കൂടാതെ പ്രസ്സ് രജിസ്ട്രാർക്കും അദ്ദേഹം അയച്ചുകൊടുക്കേണ്ടതും ആകുന്നു.

8ഗ. (1) ഒരു മജിസ്ട്രേററിൻെറ, 6—ാം വകുപ്പിൻകീഴിൽ ഒരു പ്രഖ്യാപനം പ്രമാണീകരിക്കുന്നതിനു വിസമ്മതിച്ചുകൊണ്ടോ അല്ലെങ്കിൽ 8 ഖ വകുപ്പിൻ കീഴിൽ ഒരു പ്രഖ്യാപനം റദ്ദ്ചെയ്തു കൊണ്ടോ ഉള്ള, ഒരു ഉത്തരവിനാൽ അപ്പീൽ

സങ്കടമുള്ള ഏതെങ്കിലും ആൾക്ക് അങ്ങനെയുള്ള ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ അറുപതു ദിവസത്തിനകം, 1978–ലെ പ്രസ്സ് കൗൺസിൽ ആക്ററ് 4–ാം വകുപ്പുപ്രകാരം സ്ഥാപിച്ചിട്ടുള്ള പ്രസ്സ് കൗൺസിൽ ഓഫ് ഇൻഡ്യ അതിലെ അംഗങ്ങൾക്കിടയിൽ നിന്ന് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർമാനും മറെറാരംഗവും അടങ്ങുന്ന പ്രസ്സും രജിസ്ട്രേഷനും അപ്പീൽ ബോർഡ് എന്നു പറയപ്പെടുന്ന അപ്പീൽ ബോർഡ് മുമ്പാകെ, അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

എന്നാൽ ആ സമയത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കുന്നതിൽ നിന്നും അപ്പീൽവാദി തക്കതായ കാരണത്താൽ തടയപ്പെട്ടിരുന്നു എന്ന് അപ്പീൽ ബോർഡിന് ബോദ്ധ്യപ്പെടുന്നപക്ഷം മുൻപറഞ്ഞ കാലയളവിനുശേഷവും, അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം ഒരു അപ്പീൽ ലഭിക്കുന്നതിൻമേൽ അപ്പലേററ് ബോർഡിന് മജിസ്ട്രേററിൽ നിന്നും റിക്കാർഡുകൾ വരുത്തുകയും അതിന് യുക്തമെന്ന് തോന്നുന്ന കൂടുതൽ അന്വേഷണവിചാരണകൾ നടത്തുകയും, ചെയ്തതിനുശേഷം, ഏത് ഉത്തരവിനെതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത് ആ ഉത്തരവ് സ്ഥിരീകരിക്കുകയോ വ്യത്യാസപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(3) (2)–ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി അപ്പലേററ് ബോർഡിന്, ഉത്തരവു വഴി, അതിന്റെ പ്രവർത്തനരീതിയും നടപടിക്രമവും നിശ്ചയിക്കാവുന്നതാണ്.

(4) അപ്പലേററ് ബോർഡിന്റെ തീരുമാനം അന്തിമം ആയിരിക്കുന്നതാണ്.

## ഭാഗം III

### പുസ്തകങ്ങൾ എത്തിച്ചുകൊടുക്കൽ

ആക്ററിന്റെ പ്രാരംഭത്തിനു ശേഷം അച്ചടിക്കുന്ന പുസ്തകങ്ങളുടെ പ്രതികൾ ഗവൺമെന്റിന് സൗജന്യമായി എത്തിച്ചു കൊടുക്കേണ്ടതാണെന്ന്

9. ഈ ആക്ററ് പ്രാബല്യത്തിൽ വന്നതിനുശേഷം ഭാരതത്തിൽ അച്ചടിക്കുന്ന ഓരോ പുസ്തകത്തിൻേറയും മുഴുവൻ ഭാഗവും ഉൾക്കൊള്ളുന്ന അച്ചടിച്ച പ്രതികൾ, അതിന്റെ ഭാഗമായതും അതിന്റെ ഏററവും നല്ല പ്രതികളിൽ ചെയ്തതുപോലെ തന്നെ മിനുക്കുകയും നിറം കൊടുക്കുകയുംചെയ്തതുമായ ഭൂപടങ്ങളും ചിത്രങ്ങളും മററു ചിത്രരൂപങ്ങളും സഹിതം, അത് അച്ചടിക്കുന്ന ആളും പ്രസാധകനും തമ്മിലുള്ള കരാർ എന്തുതന്നെയായാലും, (പുസ്തകം പ്രസിദ്ധീകരിക്കുക ആണെങ്കിൽ) സംസ്ഥാന സർക്കാർ, ഒരു ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അപ്പോഴപ്പോൾ നിർദ്ദേശിക്കുന്ന സ്ഥലത്തും ഉദ്യോഗസ്ഥനും, സർക്കാരിന് ചെലവുകൂടാതെ, അച്ചടിക്കുന്ന ആൾ താഴെ പറയുംപ്രകാരം എത്തിച്ചുകൊടുക്കേണ്ടതും ആകുന്നു, അതായത്:—

(ക) ഏതു പുസ്തകത്തിന്റെ കാര്യത്തിലായാലും അത് ആദ്യമായി പ്രസ്സിൽ നിന്നും പുറത്തയയ്ക്കുന്ന ദിവസത്തിനുശേഷം ഒരു കലണ്ടർ മാസത്തിനകം ഒരു പ്രതി,

(ഖ) അങ്ങനെയുള്ള ദിവസം മുതൽ ഒരു കലണ്ടർ വർഷത്തിനകം രണ്ടിൽ കവിയാത്ത പ്രതികൾ കൂടി എത്തിച്ചുകൊടുക്കണമെന്ന്സംസ്ഥാന സർക്കാർ അച്ചടിക്കുന്ന ആളോട് ആവശ്യപ്പെടുന്നപക്ഷം അങ്ങനെ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന ദിവസത്തിനുശേഷമുള്ള ഒരു കലണ്ടർ മാസത്തിനകം സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്നതുപോലെ ഒന്നോ രണ്ടോ പ്രതികൾ.

അങ്ങനെ എത്തിച്ചുകൊടുക്കുന്ന പ്രതികൾ ബൈൻഡ് ചെയ്യുകയോ തയ്ക്കുകയോ ഒന്നിച്ച് കുത്തിക്കെട്ടുകയോ ചെയ്തിരിക്കേണ്ടതും ആ

പ്രതികരം പുസ്തകങ്ങളുടെ ഏതെങ്കിലും പ്രതികരം അച്ചടിക്കുന്ന ഏററവും നല്ല കടലാസ്സിൽ അച്ചടിച്ചത് ആയിരിക്കേണ്ടതും ആകുന്നു.

അച്ചടിക്കുന്ന ആളോ നിയോജിക്കുന്ന പ്രസാധകനോ മററ് ആളിനെ മുൻപറഞ്ഞ മാസം അവസാനിക്കുന്നതിന് ന്യായമായ സമയം മുമ്പ് മേല്പറഞ്ഞ ബാദ്ധ്യതകരം നിറവേററാൻ അയാളെ പ്രാപ്തനാക്കുന്നതിന് ആവശ്യമായ മുൻപറഞ്ഞ പ്രകാരം മിനുക്കിയതും നിറം കൊടുത്തതും ആയ എല്ലാ ഭൂപടങ്ങളും പടങ്ങളും മററ് ചിത്രരൂപങ്ങളും അയാരക്ക് നൽകേണ്ടതും ആകുന്നു.

ഈ വകുപ്പിൻെറ ആദ്യഭാഗത്തുള്ള യാതൊന്നും—

(i) ലെററർ—പ്രസ്സിൽ അല്ലെങ്കിൽ പുസ്തകത്തോട് ബന്ധപ്പെട്ട ഭൂപടങ്ങരം, പടങ്ങരം, മററ് ചിത്രരൂപങ്ങരം എന്നിവയിൽ കൂടുതൽ ചേർക്കലോ ഭേദപ്പെടുത്തലോ ചെയ്തിട്ടില്ലാത്തതും, ആദ്യത്തെ പതിപ്പോ ഇതിനു മുൻപുള്ള ഏതെങ്കിലും പതിപ്പോ ഈ ആക്ററിൻകീഴിൽ നൽകിയ പുസ്തകത്തിൻെറ രണ്ടാമത്തേതോ പിന്നീടുള്ളതോ ആയ ഏതെങ്കിലും പതിപ്പിനോ, അല്ലെങ്കിൽ

(ii) ഈ ആക്ററിൻെറ 5—ാം വകുപ്പിൽ കൊടുത്തിട്ടുള്ള ചട്ടങ്ങരക്ക് അനുസൃതമായി പ്രസിദ്ധീകരിക്കുന്ന ഏതെങ്കിലും വർത്തമാനപ്പത്രത്തിനോ,

ബാധകമാകുന്നതല്ല.

10. ഏത് ഉദ്യോഗസ്ഥൻെറ കൈയിൽ ആണോ തൊട്ടുമുകളിൽ കൊടുത്തിട്ടുള്ള വകുപ്പുപ്രകാരം പുസ്തകം എത്തിച്ചുകൊടുക്കുന്നത് ആ ഉദ്യോഗസ്ഥൻ, അതിന് ഒരു ലിഖിതമായ രസീത് അച്ചടിക്കുന്ന ആളിന് നല്കേണ്ടതാകുന്നു.

9—ാം വകുപ്പുപ്രകാരം എത്തിച്ചുകൊടുത്ത പ്രതികരക്കുള്ള രസീത്.

11. ഈ ആക്ററ് 9—ാം വകുപ്പ് ഒന്നാം ഖണ്ഡിക (ക) ഖണ്ഡം അനുസരിച്ച് എത്തിച്ചുകൊടുത്ത പ്രതി സംസ്ഥാന സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നതുപോലെ കൈയൊഴിയേണ്ടതാണ്.

9—ാം വകുപ്പുപ്രകാരം എത്തിച്ചുകൊടുത്ത പ്രതികളുടെ കൈയൊഴിയൽ.

മേൽപ്പറഞ്ഞ ഖണ്ഡിക (ഖ) ഖണ്ഡം അനുസരിച്ച് എത്തിച്ചുകൊടുത്ത ഏത് പ്രതിയും അഥവാ പ്രതികളും കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

11ക. ഭാരതത്തിലെ ഏത് വർത്തമാനപ്പത്രവും, അച്ചടിക്കുന്ന ആരം സംസ്ഥാന സർക്കാർ ഔദ്യോഗിക വിജ്ഞാപനംവഴി, നിർദ്ദേശിക്കുന്ന സ്ഥലത്തും ഉദ്യോഗസ്ഥനും, സർക്കാരിന് ചെലവുകൂടാതെ, അങ്ങനെയുള്ള വർത്തമാനപ്പത്രത്തിൻെറ ഓരോ ലക്കത്തിൻേറയും ഈരണ്ടുപ്രതി, അതു പ്രസിദ്ധീകരിച്ച ഉടൻ എത്തിച്ചുകൊടുക്കേണ്ടതാണ്.

ഭാരതത്തിൽ അച്ചടിക്കുന്ന വർത്തമാനപത്രങ്ങളുടെ പ്രതികരം, സർക്കാരിന് സൗജന്യമായി എത്തിച്ചു കൊടുക്കേണ്ടതാണെന്ന്.

11ഖ. ഈ ആക്ററിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടത്തിനും വിധേയമായി, ഭാരതത്തിലുള്ള ഓരോ വർത്തമാനപ്പത്രത്തിൻെറയും പ്രസാധകർ അങ്ങനെയുള്ള വർത്തമാനപ്പത്രത്തിൻെറ ഓരോ ലക്കത്തിൻെറയും ഓരോ പ്രതി, അതു പ്രസിദ്ധീകരിച്ച ഉടൻ സ്വന്തം ചെലവിൽ പ്രസ്സ് രജിസ്ട്രാർക്ക് എത്തിച്ചുകൊടുക്കേണ്ടതാണ്.

വർത്തമാനപ്പത്രങ്ങളുടെ പ്രതികരം പ്രസ്സ് രജിസ്ട്രാർക്ക് എത്തിച്ചുകൊടുക്കേണ്ടതാണെന്ന്

## ഭാഗം IV

### ശിക്ഷകരം

12. ഈ ആക്ററിലെ 3—ാം വകുപ്പിൽ അടങ്ങിയിട്ടുള്ള ചട്ടത്തിന് അനുസൃതമായല്ലാതെ ഏതെങ്കിലും പുസ്തകമോ പത്രമോ അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു മജിസ്ട്രേററിൻെറ മുമ്പാകെ കുററം സ്ഥാപിക്കപ്പെടുന്നതിൻമേൽ, രണ്ടായിരം രൂപയിൽ കവിയാത്ത പിഴയോ ആറു മാസത്തിൽ കവിയാത്ത കാലത്തെ വെറും തടവോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

3—ാം വകുപ്പിലെ ചട്ടത്തിന് വിരുദ്ധമായി അച്ചടിക്കുന്നതിനുള്ള ശിക്ഷ.

4—ാം വകുപ്പിൽ ആവശ്യപ്പെടുന്ന പ്രഖ്യാപനം ചെയ്യാതെ പ്രസ്സ് സൂക്ഷിക്കുന്നതിനുള്ള ശിക്ഷ.

13. ഈ ആക്ററിലെ 4—ാം വകുപ്പിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകരം ഉല്ലംഘിച്ചുകൊണ്ട് മുൻപറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും പ്രസ്സ് കൈവശം വച്ചിരിക്കുന്ന ഏതൊരാളും ഒരു മജിസ്ട്രേററിൻെറ മുമ്പാകെ കുററം സ്ഥാപിക്കപ്പെടുന്നതിൻമേൽ, രണ്ടായിരം രൂപയിൽ കവിയാത്ത പിഴയോ, ആറു മാസത്തിൽ കവിയാത്ത കാലത്തെ വെറും തടവോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

വ്യാജ പ്രസ്താവന ചെയ്യുന്നതിനുള്ള ശിക്ഷ.

14. ഈ ആക്ററ് അധികാരപ്പെടുത്തിയിട്ടുള്ളത് അനുസരിച്ച് ചെയ്യേണ്ടതായ ഏതെങ്കിലും പ്രഖ്യാപനമോ മററ് പ്രസ്താവനയോ ചെയ്യുന്നിടത്ത് വ്യാജമായ ഒരു പ്രസ്താവനയോ, അല്ലെങ്കിൽ വ്യാജമാണെന്ന് അയാരംക്ക് അറിയാവുന്നതോ അയാരം വിശ്വസിക്കുന്നതോ ആയ ഒരു പ്രസ്താവനയോ, അല്ലെങ്കിൽ സത്യമാണെന്ന് അയാരം വിശ്വസിക്കാത്ത ഒരു പ്രസ്താവനയോ ചെയ്യുന്ന ഏതൊരാളും ഒരു മജിസ്ട്രേററിൻെറ മുമ്പാകെ കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ, രണ്ടായിരം രൂപയിൽ കവിയാത്ത പിഴയും ആറുമാസത്തിൽ കവിയാത്ത കാലത്തെ തടവും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

ചട്ടങ്ങരംക്ക് അനുസൃതമായല്ലാതെ വർത്തമാനപ്പത്രം അച്ചടിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള ശിക്ഷ

15. (1) ഇതിനുമുമ്പ് പ്രതിപാദിച്ചിട്ടുള്ള ചട്ടങ്ങരംക്ക് അനുസൃതമായല്ലാതെ ഏതെങ്കിലും വർത്തമാനപ്പത്രം എഡിററ് ചെയ്യുകയോ അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്ന ഏതൊരാളും അല്ലെങ്കിൽ ഏതെങ്കിലും വർത്തമാനപ്പത്രം, മുൻപറഞ്ഞ ചട്ടങ്ങരം ആ വർത്തമാനപ്പത്രത്തെ സംബന്ധിച്ച് പാലിക്കപ്പെട്ടിട്ടില്ലെന്ന് അറിഞ്ഞുകൊണ്ട് എഡിററ് ചെയ്യുകയോ, അച്ചടിക്കുകയോ പ്രസിദ്ധീകരിക്കുകയോ അല്ലെങ്കിൽ എഡിററ് ചെയ്യാനോ അച്ചടിക്കാനോ പ്രസിദ്ധീകരിക്കാനോ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു മജിസ്ട്രേററിൻെറ മുമ്പാകെ കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ രണ്ടായിരം രൂപയിൽ കവിയാത്ത പിഴയോ, ആറുമാസത്തിൽ കവിയാത്ത കാലത്തെ തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)—ാം ഉപപവകുപ്പുപ്രകാരം ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച ഒരു കുററം ചെയ്യപ്പെടുന്നിടത്ത്, മജിസ്ട്രേററിന് മുൻപറഞ്ഞ ഉപവകുപ്പുപ്രകാരം ചുമത്തിയിട്ടുള്ള ശിക്ഷയ്ക്കു പുറമെ, ആ വർത്തമാനപ്പത്രത്തെ സംബന്ധിച്ച പ്രഖ്യാപനം റദ്ദാക്കുകകൂടി ചെയ്യാവുന്നതാണ്.

8—ാം വകുപ്പുപ്രകാരം ചെയ്യേണ്ട പ്രഖ്യാപനം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.

15ക. ഏതെങ്കിലും വർത്തമാനപ്പത്രത്തിൻെറ അച്ചടിക്കാരനോ പ്രസാധകനോ അല്ലാതായിത്തീർന്ന ഏതെങ്കിലും ആരം 8—ാം വകുപ്പിന് അനുസൃതമായി ഒരു പ്രഖ്യാപനം ചെയ്യുന്നതിൽ വീഴ്ചവരുത്തുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്യുന്ന പക്ഷം, അയാരം, ഒരു മജിസ്ട്രേററിൻെറ മുമ്പാകെ കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ, ഇരുന്നൂറു രൂപയിൽ കവിയാത്ത പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

പുസ്തകങ്ങരം എത്തിച്ചുകൊടുക്കാതിരിക്കുന്നതിനും, അച്ചടിക്കുന്ന ആളിന് ഭൂപടങ്ങരം നൽകാതിരിക്കുന്നതിനും ഉള്ള ശിക്ഷ.

16. ഈ ആക്ററിൻെറ 9—ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏത് പുസ്തകത്തിൻെറയും അച്ചടിക്കുന്ന ആരം ആ പുസ്തകത്തിൻെറ പ്രതികരം, ആ വകുപ്പ് അനുസരിച്ച് എത്തിച്ചുകൊടുക്കുന്നതിൽ ഉപേക്ഷ കാണിക്കുന്ന പക്ഷം, അയാളിൽനിന്നും അങ്ങനെയുള്ള ഓരോ വീഴ്ചയ്ക്കും, ആ പ്രതികരം ഏത് ഉദ്യോഗസ്ഥൻെറ കൈയിലാണോ എത്തിച്ചുകൊടുക്കേണ്ടിയിരുന്നത് അദ്ദേഹത്തിൻെറയോ അദ്ദേഹം ഇതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ആളിൻെറയോ അപേക്ഷയിൻമേൽ, ആ പുസ്തകം അച്ചടിച്ച സ്ഥലത്ത് അധികാരിതയുള്ള ഒരു മജിസ്ട്രേററ് ആ വീഴ്ചയ്ക്ക് ആ പരിതസ്ഥിതികളിൽ ന്യായമായ ശിക്ഷയെന്ന് തീരുമാനിക്കുന്നതും അൻപതു രൂപയിൽ കവിയാത്തതും ആയ ഒരു തുകയും അങ്ങനെയുള്ള തുകയ്ക്ക് പുറമേ, അച്ചടിക്കുന്ന ആരം, എത്തിച്ചുകൊടുക്കേണ്ടിയിരുന്ന പ്രതികളുടെ വിലയെന്ന് ആ മജിസ്ട്രേററ് തീരുമാനിക്കുന്ന ഒരു തുകയും കൂടി സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതാണ്.

അങ്ങനെയുള്ള ഏതെങ്കിലും അച്ചടിക്കുന്ന ആളിനെ നിയോജിക്കുന്ന ഏതെങ്കിലും പ്രസാധകനോ മററ് ആളോ, ഈ ആക്ററിലെ 9—ാം വകുപ്പിൻെറ രണ്ടാം ഖണ്ഡികയിൽ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ ആ വകുപ്പിലെ വ്യവസ്ഥകരം അനുസരിക്കുന്നതിൽ അയാളെ പ്രാപ്തനാക്കിത്തീർക്കുന്നതിന് ആവശ്യമായ ഭൂപടങ്ങളോ, പടങ്ങളോ, ചിത്രരൂപങ്ങളോ അയാരംക്ക് നൽകുന്നതിൽ ഉപേക്ഷ കാണിക്കുന്നപക്ഷം, അങ്ങനെയുള്ള ഏതൊരു വീഴ്ചയ്ക്കും, അങ്ങനെയുള്ള പ്രസാധകനോ മററാളോ, മുൻപറഞ്ഞ പ്രകാരമുള്ള ഒരു അപേക്ഷയിൻമേൽ മുൻ

പറഞ്ഞ പ്രകാരമുള്ള ഒരു മജിസ്ട്രേററ്, ആ വീഴ്ചക്ക് ആ പരിതഃസ്തികളിൽ ന്യായമായ ശിക്ഷയെന്ന് തീരുമാനിക്കുന്നതും അൻപതു രൂപയിൽ കവിയാത്തതും ആയ ഒരു തുകയും അങ്ങനെയുള്ള തുകക്ക് പുറമെ, അങ്ങനെയുള്ള പ്രസാധകനോ മററാളോ, നൽകേണ്ടിയിരുന്ന ഭൂപടങ്ങളുടെയോ പടങ്ങളുടെയോ ചിത്ര രൂപങ്ങളുടെയോ വിലയെന്ന് ആ മജിസ്ട്രേററ് തീരുമാനിക്കുന്ന ഒരു തുകയും കൂടി, സർക്കാരിലേക്ക് കണ്ടുകെട്ടേണ്ടതാണ്.

16ക. ഭാരതത്തിൽ പ്രസിദ്ധീകരിക്കുന്ന ഏതൊരു വർത്തമാനപ്പത്രത്തിൻെറയും അച്ചടിക്കുന്ന ആം അതിൻെറ പ്രതികം 11ക. വകുപ്പ് അനുസരിച്ച് എത്തിച്ചുകൊടുക്കുന്നതിൽ ഉപേക്ഷ കാണിക്കുന്ന പക്ഷം, പ്രതികം ഏത് ഉദ്യോഗസ്ഥൻെറ കൈയ്യിലാണോ എത്തിച്ചുകൊടുക്കേണ്ടിയിരുന്നത് അദ്ദേഹത്തിൻെറയോ അദ്ദേഹം അതിലേക്ക് അധികാരപ്പെടുത്തിയ ഏതെങ്കിലും ആളുടേയോ പരാതിയിൻമേൽ, ആ വർത്തമാനപ്പത്രം അച്ചടിച്ച സ്ഥലത്ത് അധികാരിതയുള്ള ഒരു മജിസ്ട്രേററിനാൽ കുററസ്ഥാപനം ചെയ്യപ്പെടുന്നതായാൽ, അങ്ങനെയുള്ള ഓരോ വീഴ്ചയ്ക്കും, അൻപതു രൂപയോളമാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. *(വർത്തമാനപ്പത്രങ്ങളുടെ പ്രതികം സർക്കാരിന് സൗജന്യമായി നൽകുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.)*

16ഖ. ഭാരതത്തിൽ പ്രസിദ്ധീകരിക്കുന്ന ഏതൊരു വർത്തമാനപ്പത്രത്തിൻെറയും പ്രസാധകൻ അതിൻെറ പ്രതികം 11ഖ. വകുപ്പ് അനുസരിച്ച് എത്തിച്ചുകൊടുക്കുന്നതിൽ ഉപേക്ഷ കാണിക്കുന്ന പക്ഷം, പ്രസ്സ് രജിസ്ട്രാറുടെ പരാതിയിൻമേൽ, ആ വർത്തമാനപ്പത്രം അച്ചടിച്ച സ്ഥലത്ത് അധികാരിതയുള്ള ഒരു മജിസ്ട്രേററിനാൽ കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ ഓരോ വീഴ്ചക്കും, അൻപ് രൂപയോളമാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. *(വർത്തമാനപ്പത്രങ്ങളുടെ പ്രതികം പ്രസ്സ് രജിസ്ട്രാർക്ക് നൽകുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള ശിക്ഷ.)*

17. 16-ാം വകുപ്പുപ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടിയ ഏതു തുകയും ആ തുക നിശ്ചയിക്കുന്ന മജിസ്ട്രേററിൻേറയോ അദ്ദേഹത്തിൻെറ ഔദ്യോഗിക പിൻഗാമിയുടേയോ വാറണ്ടിൻമേൽ, തത്സമയം പ്രാബല്യത്തിൽ ഇരിക്കുന്ന ക്രിമിനൽ നടപടി നിയമസംഹിത പിഴ ഈടാക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള രീതിയിലും അതിന് ഭാരതീയ ശിക്ഷാ നിയമ സംഹിത 1860-ലെ 45 നിർണ്ണയിച്ചിട്ടുള്ളകാലയളവിനുള്ളിലും, വസൂലാക്കാവുന്നതാണ്. *(കണ്ടുകെട്ടിയ തുകകളുടെ വസൂലാക്കലും അവയുടേയും പിഴകളുടേയും വ്യയനം ചെയ്യലും.)*

## ഭാഗം V

### പുസ്തകങ്ങൾ രജിസ്ററർ ചെയ്യൽ

18. സംസ്ഥാന സർക്കാർ അതിലേക്കായി നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ അയാളുടെ ആഫീസിൽ ഭാരതത്തിൽ അച്ചടിക്കപ്പെട്ട പുസ്തകങ്ങളുടെ കാററലോഗ് എന്നറിയപ്പെടുന്ന ഒരു പുസ്തകം സൂക്ഷിക്കേണ്ടതും ഈ ആക്ടിൻെറ 9-ാം വകുപ്പ് ഒന്നാം ഖണ്ഡിക (ക) ഖണ്ഡത്തിന് അനുസൃതമായി എത്തിച്ചുകൊടുക്കേണ്ടതായ ഓരോ പുസ്തകത്തിൻേറയും ഒരു വിവരക്കുറിപ്പ് രജിസ്ററർ ചെയ്യേണ്ടതും ആകുന്നു. *(പുസ്തകങ്ങളുടെ വിവരക്കുറിപ്പുകൾ രജിസ്ററർ ചെയ്യൽ.)*

(1) പുസ്തകത്തിൻെറ പേരും ടൈററിൽ പേജിൻെറ ഉള്ളടക്കവും, അവ ഇംഗ്ലീഷ് ഭാഷയിലല്ലെങ്കിൽ പേരിൻെറയും ഉള്ളടക്കത്തിൻെറയും ഇംഗ്ലീഷിലുള്ള പരിഭാഷയും;

(2) പുസ്തകം എഴുതപ്പെട്ടിരിക്കുന്ന ഭാഷ;

(3) പുസ്തകത്തിൻെറയോ അതിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ കർത്താവിൻെറയോ പരിഭാഷകൻെറയോ പ്രസാധകൻെറയോ പേര്;

(4) വിഷയം;

(5) അച്ചടിക്കുന്ന സ്ഥലവും പ്രസിദ്ധീകരിക്കുന്ന സ്ഥലവും;

(6) അച്ചടിക്കുന്ന ആളിൻെറ പേരോ അല്ലെങ്കിൽ അയാളുടെ സ്ഥാപനത്തിൻെറ പേരോ കൂടാതെ പ്രസാധകൻെറ പേരോ അല്ലെങ്കിൽ അയാളുടെ സ്ഥാപനത്തിൻെറ പേരോ;

(7) പ്രസ്സിൽ നിന്നും പുറത്തിറക്കുന്നതിൻെറയോ പ്രസിദ്ധീകരിക്കുന്നതിൻെറയോ തീയതി;

(8) ഷീററുകളുടെയോ താളുകളുടെയോ പുറങ്ങളുടെയോ എണ്ണം;

(9) വലിപ്പം;

(10) ഒന്നാം പതിപ്പോ രണ്ടാം പതിപ്പോ മറേറതെങ്കിലും പതിപ്പോ എന്നത്;

(11) എത്ര പ്രതികളാണ് ആ പതിപ്പിൽ ഉള്ളത് എന്ന്;

(12) പുസ്തകം അച്ചടിച്ചതോ കയ്യക്ഷരപ്പകർപ്പോ അല്ലെങ്കിൽ കല്ലച്ചിൽ അച്ചടിച്ചതോ എന്ന്;

(13) പുസ്തകം പൊതുജനങ്ങൾക്ക് വിൽക്കുന്ന വില;

(14) പകർപ്പവകാശത്തിൻെറയോ അങ്ങനെയുള്ള പകർപ്പവകാശത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറയോ ഉടമസ്ഥൻെറ പേരും വാസസ്ഥലവും;

ഓരോ പുസ്തകത്തിൻെറയും സംഗതിയിൽ 9—ാം വകുപ്പ് ഒന്നാം ഖണ്ഡിക (ക) ഖണ്ഡത്തിന് അനുസൃതമായി അതിൻെറ പ്രതിയുടെ വിതരണത്തിനുശേഷം പ്രയോഗിക്കാവുന്നത്ര വേഗം അങ്ങനെയുള്ള വിവരക്കുറിപ്പ് ഉണ്ടാക്കുകയും രജിസ്ററർ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

**രജിസ്ററർ ചെയ്യപ്പെട്ട വിവരക്കുറിപ്പുകളുടെ പ്രസിദ്ധീകരണം.**

19. മുൻപറഞ്ഞ കാററലോഗിൽ ഓരോ മൂന്ന് മാസക്കാലവും രജിസ്ററർ ചെയ്യുന്ന വിവരക്കുറിപ്പുകൾ അങ്ങനെയുള്ള ഓരോ മൂന്നുമാസക്കാലവും അവസാനിച്ച് കഴിയുന്നത്ര വേഗം ഔദ്യോഗിക ഗസററിൽ പ്രസിദ്ധീകരിക്കേണ്ടതും അങ്ങനെ പ്രസിദ്ധീകരിക്കുന്ന വിവരക്കുറിപ്പുകളുടെ ഒരു പകർപ്പ് കേന്ദ്ര സർക്കാരിന് അയക്കേണ്ടതും ആകുന്നു.

## ഭാഗം Vക

## വർത്തമാനപ്പത്രങ്ങളുടെ രജിസ്ററർ ചെയ്യൽ

**പ്രസ്സ് രജിസ്ട്രാറുടെയും മററ് ഉദ്യോഗസ്ഥൻമാരുടേയും നിയമനം.**

19ക. കേന്ദ്ര സർക്കാരിന്, ഭാരതത്തിലെ വർത്തമാനപ്പത്രങ്ങൾക്കായി ഒരു രജിസ്ട്രാറേയും പ്രസ്സ് രജിസ്ട്രാറുടെ പൊതുവായ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായി ഈ ആക്ടിൻകീഴിലോ ഈ ആക്ടിനാലോ അവരെ ഏൽപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ മററ് ഉദ്ദ്യോഗസ്ഥൻമാരെയും നിയമിക്കാവുന്നതും, സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവു വഴി, ഈ ആക്ടിൻകീഴിൽ അവർ നിർവ്വഹിക്കേണ്ട ചുമതലകൾ വീതിക്കുന്നതിനും ഏൽപ്പിച്ചുകൊടുക്കുന്നതിനും വ്യവസ്ഥ ചെയ്യാവുന്നതും ആകുന്നു.

**വർത്തമാനപ്പത്രങ്ങളുടെ രജിസ്ററർ.**

19ഖ. (1) പ്രസ്സ് രജിസ്ട്രാർ, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വർത്തമാനപ്പത്രങ്ങളുടെ ഒരു രജിസ്ററർ വച്ചുപോരേണ്ടതാകുന്നു.

(2) ഭാരതത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഏതൊരു വർത്തമാനപ്പത്രത്തെയും കുറിച്ച് താഴെ പറയുന്ന വിവരങ്ങൾ, പ്രായോഗികമാകാവുന്നത്ര, ആ രജിസ്റററിൽ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) വർത്തമാനപ്പത്രത്തിൻെറ പേര്;

(ഖ) വർത്തമാനപ്പത്രം പ്രസിദ്ധീകരിക്കുന്ന ഭാഷ;

(ഗ) വർത്തമാനപ്പത്രം പ്രസിദ്ധീകരിക്കുന്നതിൻെറ നിയതകാലികത്വം;

(ഘ) വർത്തമാനപ്പത്രത്തിൻെറ പത്രാധിപരുടെയും അച്ചടിക്കുന്ന ആളിൻെയും, പ്രസാധകൻെറയും പേര്;

(ങ) അച്ചടിക്കുകയും പ്രസിധ്ദീകരിക്കുകയും ചെയ്യുന്ന സ്ഥലത്തിൻെറ പേര്;

(ച) പേജുകളുടെ ആഴ്ചതോറും ഉള്ള ശരാശരി എണ്ണം;

(ഛ) ഒരു വർഷം പ്രസിദ്ധീകരിക്കുന്ന ദിവസങ്ങളുടെ എണ്ണം;

(ജ) നിർണ്ണയിക്കപ്പെടുന്നകാലം അടിസ്ഥാനമാക്കി ശരാശരി എടുത്ത് അച്ചടിച്ച പ്രതികളുടെ ശരാശരി എണ്ണവും, പൊതുജനങ്ങൾക്ക് വിററ പ്രതികളുടെ ശരാശരി എണ്ണവും, പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്ത പ്രതികളുടെ ശരാശരി എണ്ണവും;

(ഝ) ഒരു പ്രതിയുടെ ചില്ലറ വിൽപ്പനവില;

(ഞ) വർത്തമാനപത്രത്തിൻെറ ഉടമസ്ഥരുടെ പേരും മേൽവിലാസവും, ഉടമസ്ഥനെസംബന്ധിച്ചു നിർണ്ണയിക്കപ്പെടുന്ന മററു വിവരങ്ങളും;

(ട) നിർണ്ണയിക്കപ്പെടുന്ന മററ് ഏതെങ്കിലും വിവരങ്ങൾ.

(3) മുൻപറഞ്ഞ വിവരങ്ങളെക്കുറിച്ച് അപ്പോഴപ്പോൾ അറിവുലഭിക്കുന്നതിൻമേൽ പ്രസ്സ് രജിസ്ട്രാർ, രജിസ്ററിൽ പ്രസക്തമായ ഉൾക്കുറിപ്പുകൾ ചേർക്കാൻ ഇടയാക്കേണ്ടതും, രജിസ്ററർ നാളതുവരെ കൃത്യമായി സൂക്ഷിക്കുന്നതിനുവേണ്ടി ആവശ്യമായമാററങ്ങളും തിരുത്തലുകളും അദ്ദേഹത്തിന് അതിൽ വരുത്താവുന്നതും ആകുന്നു.

19ഗ. രജിസ്ട്രേററിൽ നിന്നും 6—ാം വകുപ്പു പ്രകാരം ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച പ്രഖ്യാപനത്തിൻെറ ഒരു പകർപ്പ് ലഭിക്കുകയും അങ്ങനെയുള്ള വർത്തമാനപ്പത്രം പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്യുന്നതിൻമേൽ അതിനുശേഷം പ്രായോഗികമാകാവുന്നത്ര വേഗം പ്രസ്സ് രജിസ്ട്രാർ, ആ വർത്തമാനപ്പത്രത്തെ സംബന്ധിച്ച് ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കററ് അതിൻെറ പ്രസാധകന് നൽകേണ്ടതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കററുകൾ

19ഘ. (ക) വർത്തമാനപ്പത്രത്തെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന സമയത്തും, 19ഖ. വകുപ്പ് (2)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളിൽ നിർണ്ണയിക്കപ്പെടുന്നവ ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു വാർഷിക സ്റേററ്മെൻറ് പ്രസ്സ് രജിസ്ട്രാർക്ക് നൽകുകയും; വർത്തമാനപ്പത്രങ്ങൾ നല്കേണ്ട വാർഷിക സ്റേറുമെൻറ് മുതലായവ.

(ഖ) വർത്തമാനപ്പത്രത്തെ സംബന്ധിച്ച്, ഇതിലേക്കായി പ്രസ്സ് രജിസ്ട്രാർ വിനിർദ്ദേശിക്കുന്ന സമയങ്ങളിൽ 19ഖ. വകുപ്പ് (2)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളിൽ അങ്ങനെ വിനിർദ്ദേശിക്കുന്നവ ആ വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരിക്കുകയും,

ചെയ്യുന്നത് ഏതൊരു വർത്തമാനപ്പത്രത്തിൻെറയും പ്രസാധകൻെറ കർത്തവ്യമാകുന്നു.

19ങ. ഏതൊരു വർത്തമാനപ്പത്രത്തിൻെറയും പ്രസാധകൻ, അപ്പോഴപ്പോൾ പ്രസ്സ് രജിസ്ട്രാർ ആവശ്യപ്പെടാവുന്ന പ്രകാരം 19ഖ. വകുപ്പ് (2)—ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏത് വിവരം സംബന്ധിച്ചും ഉള്ള റിട്ടേണുകളും സ്ഥിതിവിവര കണക്കുകളും മററ് വിവരങ്ങളും പ്രസ്സ് രജിസ്ട്രാർക്ക് നൽകേണ്ടതാണ്. വർത്തമാനപ്പത്രങ്ങൾ നൽകേണ്ട റിട്ടേണുകളും റിപ്പോർട്ടുകളും.

19ച. പ്രസ്സ് രജിസ്ട്രാർക്കും ഇതിലേക്കായി അദ്ദേഹം ലിഖിതമായി അധികാരപ്പെടുത്തുന്ന ഏതൊരു ഗസററഡ് ഉദ്യോഗസ്ഥനും ഈ ആക്ടിൻ കീഴിൽ ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച ഏതെങ്കിലും വിവരം ശേഖരിക്കുന്ന ആവശ്യത്തിലേക്ക് ആ വർത്തമാനപ്പത്രത്തെ സംബന്ധിച്ച അതിൻെറ പ്രസാധകൻെറ കൈവശമുള്ള ഏത് പ്രസക്ത റിക്കാർഡും പ്രമാണവും പ്രാപ്യമായിരിക്കേണ്ടതും ന്യായമായ ഏത് സമയത്തും അങ്ങനെയുള്ള റിക്കാർഡോ പ്രമാണമോ ഉണ്ടെന്ന് അയാൾ വിശ്വസിക്കുന്ന ഏത് കെട്ടിട പരിസരങ്ങളിലും പ്രവേശിക്കാവുന്നതും, പ്രസക്ത റിക്കാർഡുകളും പ്രമാണങ്ങളും പരിശോധിക്കുകയോ അവയുടെ പകർപ്പുകൾ എടുക്കുകയോ അല്ലെങ്കിൽ ഈ ആക്ടിൻ കീഴിൽ നൽകേണ്ടതായ ഏതെങ്കിലും വിവരം ലഭിക്കുന്നതിന് ആവശ്യമായ ഏതു ചോദ്യവും ചോദിക്കുകയോ ചെയ്യാവുന്നതും ആകുന്നു. റിക്കാർഡുകളും പ്രമാണങ്ങളും പരിശോധിക്കാനുള്ള അവകാശം.

വാർഷിക റിപ്പോർട്ട്

19഻ര. ഓരോ വർഷവും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും സമയത്തും പ്രസ്സ് രജിസ്ട്രാർ, ഭാരതത്തിലെ വർത്തമാനപ്പത്രങ്ങളെ സംബന്ധിച്ച് മുൻ വർഷത്തിൽ അദ്ദേഹത്തിന് ലഭിച്ച വിവരങ്ങളുടെ ഒരു സംക്ഷേപം അടങ്ങിയതും, അങ്ങനെയുള്ള വർത്തമാനപ്പത്രങ്ങളുടെ പ്രവർത്തനം വിവരിക്കുന്നതുമായ ഒരുവാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും, അതിന്റെ പകർപ്പുകൾ കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആകുന്നു.

രജിസ്ററിൽ നിന്നുള്ള ഉദ്ധരണത്തിന്റെ പകർപ്പുകൾ നൽകൽ.

19ജ. രജിസ്ററിൽ നിന്നുള്ള ഏതെങ്കിലും ഉദ്ധരണത്തിന്റെ പകർപ്പു ലഭിക്കുന്നതിനുവേണ്ടി ഏതെങ്കിലും ആളുടെ അപേക്ഷയിൻമേലും നിർണ്ണയിക്കപ്പെടുന്ന ഫീസ് അടയ്ക്കുന്നതിൻമേലും, പ്രസ്സ് രജിസ്ട്രാർ, അങ്ങനെയുള്ള പകർപ്പ് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും രീതിയിലും അപേക്ഷകന് നൽകേണ്ടതാണ്.

അധികാരങ്ങളുടെ പ്രത്യായോജനം

19ഝ. ഈ ആക്ടിലെ വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടാക്കിയ റഗുലേഷനുകൾക്കും വിധേയമായി, പ്രസ്സ് രജിസ്ട്രാർക്ക് ഈ ആക്ടിൻ കീഴിൽ അദ്ദേഹത്തിനുള്ള എല്ലാ അധികാരങ്ങളും അഥവാ അവയിലേതെങ്കിലും തന്റെ കീഴിലുള്ള ഏത് ഉദ്യോഗസ്ഥനും പ്രത്യായോജനം ചെയ്യാവുന്നതാണ്.

പ്രസ്സ് രജിസ്ട്രാറും മററ് ഉദ്യോഗസ്ഥൻമാരും പബ്ളിക് സർവന്റുകൾ ആയിരിക്കുമെന്ന്
1860—ലെ 45.

19ഞ. പ്രസ്സ് രജിസ്ട്രാറും ഈ ആക്ടിൻ കീഴിൽ നിയമിക്കപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥൻമാരും ഇൻഡ്യൻ ശിക്ഷാ നിയമ സംഹിതയിലെ 21—ാം വകുപ്പിന്റെ അർത്ഥത്തിൽ പബ്ലിക് സർവ്വന്റുകളായി കരുതപ്പെടുന്നതാണ്.

19ട. ഏതെങ്കിലും വർത്തമാനപ്പത്രത്തിന്റെ പ്രസാധകൻ—

19ഘ, 19ങ മുതലായ വകുപ്പുകളുടെ ഉല്ലംഘനത്തിനുള്ള ശിക്ഷ.

(ക) 19ഘ വകുപ്പിലേയോ 19ങ വകുപ്പിലേയോ വ്യവസ്ഥകൾ അനുസരിക്കുന്നതിന് വിസമ്മതിക്കുകയോ അനുസരിക്കുന്നതിൽ ഉപേക്ഷ കാണിക്കുകയോ; അല്ലെങ്കിൽ

(ഖ) ..........................................................................................

(ഗ) 19ഘ വകുപ്പ് (ഖ) ഖണ്ഡത്തിന് അനുസൃതമായി ആ വർത്തമാനപ്പത്രത്തിൽ, അതിനെ സംബന്ധിച്ച, തെററാണെന്ന് അയാൾക്ക് വിശ്വസിക്കാൻ കാരണമുള്ളതായ ഏതെങ്കിലും വിവരങ്ങൾ പ്രസിദ്ധീകരിക്കുകയോ; ചെയ്യുന്നപക്ഷം, അയാൾ അഞ്ഞൂറ് രൂപ വരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

വിവരങ്ങൾ അനുചിതമായി വെളിപ്പെടുത്തുന്നതിനുള്ള ശിക്ഷ
1860—ലെ 45

19ഠ. ഈ ആക്ടിൻ കീഴിൽ വിവരം ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആൾ ഈ ആക്ടിൻ കീഴിൽ കൊടുത്തിട്ടുള്ള ഏതെങ്കിലും വിവരമോ നൽകിയിട്ടുള്ള റിട്ടേണിന്റെ ഉള്ളടക്കമോ ഈ ആക്ടിൻ കീഴിലുള്ള അയാളുടെ ചുമതലകളുടെ നിർവ്വഹണത്തിനോ ഈ ആക്ടിൻ കീഴിലോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിൻ കീഴിലോ ഉള്ള ഒരു കുററത്തിന്റെ പ്രോസിക്യൂഷന്റെ ആവശ്യത്തിലേക്കോ വേണ്ടി അല്ലാതെ മന:പൂർവ്വം വെളിപ്പെടുത്തുന്ന പക്ഷം അയാൾ ആറ് മാസം വരെ ആകാവുന്ന കാലത്തെ തടവോ ആയിരം രൂപവരെയാകാവുന്ന പിഴയോ, രണ്ടും കൂടിയോ, നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

## ഭാഗം VI

### പലവക

ചട്ടങ്ങൾ ഉണ്ടാക്കാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം.

20. (1) 20ക. വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങൾക്ക് അസംഗതമല്ലാത്ത, ഈ ആക്ടിന്റെ ലക്ഷ്യങ്ങൾ നിറവേററുന്നതിന് ആവശ്യമോ അഭിലഷണീയമോ ആയ ചട്ടങ്ങൾ സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്രവേഗം സംസ്ഥാന നിയമനിർമ്മാണ മണ്ഡലത്തിന്റെ മുൻപാകെ, വയ്ക്കേണ്ടതാണ്.

20 ക. (1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി— ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്ര സർക്കാരിനുള്ള അധികാരം

(ക) 5—ാം വകുപ്പുപ്രകാരം ഉണ്ടാക്കുകയും ഒപ്പുവയ്ക്കുകയും ചെയ്യുന്ന ഒരു പ്രഖ്യാപനത്തിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങൾ നിർണ്ണയിച്ചുകൊണ്ടും, ഒരു വർത്തമാനപ്പത്രത്തിന്റെ ഓരോ പ്രതിയിലും അച്ചടിക്കുന്ന ആളിന്റേയും പ്രസാധകന്റെയും ഉടമസ്ഥന്റെയും പത്രാധിപരുടെയും പേരുകളും അത് അച്ചടിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന സ്ഥലവും അച്ചടിച്ചിരിക്കേണ്ട രൂപവും രീതിയും നിർണ്ണയിച്ചുകൊണ്ടും;

(ഖ) ഒരു മജിസ്ട്രേട്ടിന്റെ ഔദ്യോഗിക മുദ്രവച്ച് സാക്ഷ്യപ്പെടുത്തിയ ഏതെങ്കിലും പ്രഖ്യാപനത്തിന്റെ പകർപ്പുകളോ അല്ലെങ്കിൽ ഏതെങ്കിലും പ്രഖ്യാപനം പ്രമാണീകരിക്കുവാൻ വിസമ്മതിച്ചുകൊണ്ടുള്ള ഏതെങ്കിലും ഉത്തരവിന്റെ പകർപ്പുകളോ ആ പ്രഖ്യാപനം ഉണ്ടാക്കുകയും ഒപ്പുവയ്ക്കുകയും ചെയ്യുന്ന ആളിനും പ്രസ്സ് രജിസ്ട്രാർക്കും അയച്ചുകൊടുക്കേണ്ട രീതി നിർണ്ണയിച്ചുകൊണ്ടും;

(ഗ) 11ഖ വകുപ്പുപ്രകാരം ഏതെങ്കിലും വർത്തമാനപ്പത്രത്തിന്റെ പ്രതികൾ പ്രസ്സ് രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ട രീതി നിർണ്ണയിച്ചുകൊണ്ടും;

(ഘ) 19ഖ വകുപ്പുപ്രകാരം ഒരു രജിസ്ററർ വച്ച് പോരേണ്ട രീതിയും അതിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങളും നിർണ്ണയിച്ചുകൊണ്ടും;

(ങ) പ്രസ്സ് രജിസ്ട്രാർക്ക് ഒരു വർത്തമാനപ്പത്രത്തിന്റെ പ്രസാധകൻ നൽകേണ്ട ഒരു വാർഷിക സ്റേറററ്മെന്റിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങൾ നിർണ്ണയിച്ചുകൊണ്ടും;

(ച) 19ഘ വകുപ്പ് (ക) ഖണ്ഡത്തിൻ കീഴിൽ ഒരു വാർഷിക സ്റേററ്മെന്റ് 19ങ വകുപ്പുപ്രകാരം ഏതെങ്കിലും റിട്ടേണുകളും സ്ഥിതിവിവരക്കണക്കുകളും മററു വിവരങ്ങളും പ്രസ്സ് രജിസ്ട്രാർക്ക് നൽകേണ്ട രൂപവും രീതിയും നിർണ്ണയിച്ചുകൊണ്ടും;

(ഛ) രജിസ്റററിൽ നിന്നുള്ള എക്സ്ട്രാക്ററുകളുടെ പകർപ്പുകൾ നൽകുന്നതിനുള്ള ഫീസും അവ നൽകേണ്ട രീതിയും നിർണ്ണയിച്ചുകൊണ്ടും;

(ജ) ഒരു വർത്തമാനപ്പത്രത്തെ സംബന്ധിച്ച് ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കററ് നൽകേണ്ട രീതി നിർണ്ണയിച്ചുകൊണ്ടും;

(ഝ) പ്രസ്സ് രജിസ്ട്രാർ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കേണ്ടത് ഏതു ഫാറത്തിലും ഏതു സമയത്തും ആണെന്ന് നിർണ്ണയിച്ചുകൊണ്ടും;

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പുപ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്ര വേഗം, പാർലമെന്റ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും മേല്പറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ്, ഇരു സഭകളും ആ ചട്ടങ്ങളിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ

യോജിക്കുകയോ ചെയ്യുന്നപക്ഷം അതിനുശേഷം ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതു് രൂപഭേദപ്പെടുത്തലും പ്രഭാവശൂന്യമാക്കലും, ആ ചട്ടത്തിൻ കീഴിൽ മുൻപ് ചെയ്യപ്പെട്ടിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിൽ ആയിരിക്കുന്നതും ആകുന്നു.

**ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്ക്, അവയുടെ ഉല്ലംഘനം ശിക്ഷാർഹമാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണെന്ന്.**

20ഖ. ഈ ആക്ടിന്റെ ഏതെങ്കിലും വ്യവസ്ഥയിൻകീഴിൽ ഉണ്ടാക്കിയ ഏതു ചട്ടത്തിനും അതിന്റെ ഉല്ലംഘനം, നൂറു രൂപവരെ ആകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

**ഏതെങ്കിലും തരത്തിലുള്ള പുസ്തകങ്ങളെ ഈ ആക്റ്റിന്റെ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാനുള്ള അധികാരം.**

21. സംസ്ഥാന സർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഏതെങ്കിലും തരത്തിലുള്ള പുസ്തകങ്ങളേയോ പത്രങ്ങളേയോ ഈ ആക്റ്റ് മുഴുവന്റേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ ഭാഗങ്ങളുടേയോ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാവുന്നതാണ്:

എന്നാൽ ഏതൊരു തരത്തിലുള്ള വർത്തമാനപ്പത്രങ്ങളെ സംബന്ധിച്ചും അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും കേന്ദ്ര സർക്കാരിനോട് ആലോചിക്കാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

**വ്യാപ്തി.**

22. ഈ ആക്റ്റിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

23. [പ്രാരംഭം.] 1870—ലെ റദ്ദാക്കൽ ആക്റ്റ്, (1870—ലെ 14) 1—ാം വകുപ്പ്, പട്ടിക ഭാഗം II, ഇവയാൽ റദ്ദാക്കപ്പെട്ടു.